# കേരള വ്യവസായ വാണിജ്യനയം 2018

ജൂലൈ 2018

കേരള സർക്കാർ

# കേരള വ്യവസായ വാണിജ്യനയം 2018

ജൂലൈ 2018

കേരള സർക്കാർ

# ഉള്ളടക്കം


| | | | |
|---|---|---|---|
| 1. | ആമുഖം | | 1 |
| 2. | വീക്ഷണം | | 4 |
| 3. | ലക്ഷ്യങ്ങൾ | | 4 |
| 4. | തന്ത്രവും സമീപനവും | | 6 |
| 5. | അടിസ്ഥാന സൗകര്യ വികസനം | | 7 |
| 6. | മുഖ്യ മേഖലകൾ | | 9 |
| | 6.1 | കാർഷിക ഭക്ഷ്യസംസ്ക്കരണം (Agrofood Processing) | 9 |
| | 6.2 | വസ്ത്രങ്ങളും തുണിത്തരങ്ങളും | 10 |
| | 6.3 | ഇലക്ട്രോണിക്സ് | 10 |
| | 6.4 | ബയോടെക്നോളജിയും നാനോ ടെക്നോളജിയും | 10 |
| | 6.5 | വുഡ്പ്രോസസ്സിംഗ് | 11 |
| | 6.6 | ഖനനം | 11 |
| | 6.7 | കൊച്ചിയിലെ പെട്രോക്കെമിക്കൽ കോംപ്ലക്സ് | 12 |
| | 6.8 | കയറ്റുമതി ആധാരമായ ഉത്പന്നങ്ങൾ | 12 |
| | 6.9 | ത്രസ്റ്റ് സെക്ടർ | 13 |
| 7. | സൂക്ഷ്മ, ചെറുകിട, ഇടത്തരം സ്ഥാപനങ്ങൾ | | 13 |
| | 7.1 | സാമ്പത്തിക പ്രോത്സാഹനങ്ങൾ | 13 |
| | 7.2 | ഗാർഹിക നാനോ സ്ഥാപനങ്ങൾ | 13 |
| | 7.3 | ഭക്ഷ്യോത്പാദന വ്യവസായങ്ങളും കൃഷി സംബന്ധിയായ വ്യവസായങ്ങളും | 14 |
| | 7.4 | ഇ കോമേഴ്സ് പോർട്ടൽ | 14 |
| | 7.5 | മൂല്യ താല്പര്യത | 14 |
| | 7.6 | ചെറുകിട സംരംഭങ്ങൾക്ക് സമയാധിഷ്ഠിത ധനസഹായം | 15 |
| | 7.7 | വെണ്ടർ രജിസ്ട്രേഷൻ പദ്ധതികൾ | 15 |
| | 7.8 | ഭാരത സർക്കാരിന്റെ പദ്ധതികളുമായി ബന്ധപ്പെടുത്തൽ | 15 |
| | 7.9 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർ ഡവലപ്മെന്റ് (KIED) | 15 |
| 8. | വ്യവസായ ക്ലസ്റ്ററുകളുടെ വികസനം | | 15 |
| 9. | പരമ്പരാഗത വിഭാഗങ്ങൾ | | 15 |
| | 9.1 | കൈത്തറി | 16 |
| | 9.2 | ഖാദി ഗ്രാമീണ വ്യവസായം | 16 |
| | 9.3 | കരകൗശല മേഖല | 17 |
| | 9.4 | മുള | 17 |
| 10. | പൊതുമേഖലാ സ്ഥാപനങ്ങൾ | | 17 |
| 11. | സംരംഭക വികസനങ്ങൾ | | 19 |
| | 11.1 | സ്റ്റാർട്ട് അപ്പുകൾ | 19 |
| | 11.2 | വനിതാ സംരംഭങ്ങൾ | 20 |
| 12. | പ്രവാസികളായ കേരളീയർ | | 20 |
| 13. | വൈദഗ്ധ്യ വികസനം | | 21 |
| 14. | നിക്ഷേപ പ്രോത്സാഹനം | | 22 |
| 15. | വാണിജ്യവും സേവനവും | | 22 |
| 16. | സുഗമമായ വ്യവസായ സംരംഭവും ഏകജാലക സംവിധാനവും | | 23 |
| 17. | ലോജിസ്റ്റിക് സെക്ടർ | | 24 |
| 18. | കയർ | | 25 |
| 19. | കശുവണ്ടി | | 26 |
| 20. | ഉപസംഹാരം | | 27 |

## 1.0 ആമുഖം

1.1 കഴിഞ്ഞ ദശാബ്ദക്കാലത്തെ വ്യവസായിക വളർച്ച 2007 ൽ എൽ. ഡി.എഫ്. സർക്കാർ കൊണ്ടുവന്ന വ്യവസായ നയത്തെ അടിസ്ഥാനമാക്കിയായിരുന്നു. എന്നാൽ 2015 ൽ യു.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ച വ്യവസായ നയത്തെ സംബന്ധിച്ചിടത്തോളം കാലാനുസൃതമായി പുതിയ സമീപനം സ്വീകരിക്കേണ്ടതുള്ളതിനാലാണ് പുതിയ വ്യവസായ നയം രൂപീകരിക്കുന്നത്. ജനസാന്ദ്രത കൂടിയതും എന്നാൽ സ്ഥലത്തിന്റെ ലഭ്യത മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കുറവുള്ളതുമായ കേരളത്തിൽ പരിസ്ഥിതി സൗഹൃദവും മലിനീകരണം കുറഞ്ഞതുമായ വ്യവസായങ്ങൾക്കേ മുൻതൂക്കം നൽകാൻ സാധിക്കുകയുള്ളൂ എന്ന പരിമിതിയും നിലനിൽക്കുന്നു.

1.2 സംസ്ഥാനത്ത് 1980-90 കളിൽ വലിയ വളർച്ച രേഖപ്പെടുത്തിയ വ്യവസായ മേഖല പിന്നീട് തകർച്ചയുടെ പാതയിലായി. തൊണ്ണൂറുകളുടെ ആദ്യം കേന്ദ്രസർക്കാർ രാജ്യത്ത് നടപ്പിലാക്കിയ ആഗോളവൽക്കരണ നയം വലിയ ആഘാതമാണ് നമ്മുടെ വ്യവസായ രംഗത്തുണ്ടാക്കിയത്. പരമ്പരാഗത മേഖലയും തളർച്ചയിലേക്ക് നീങ്ങി. വിപണിയിൽ മത്സരിച്ചു നിൽക്കാൻ കഴിയാതെ ചെറുകിട വ്യവസായങ്ങൾ പ്രതിസന്ധിയിലായി. സ്വകാര്യ മേഖലയിൽ വൻതോതിൽ നിക്ഷേപങ്ങൾ ആകർഷിക്കാൻ കഴിയാതായതും പുതിയതായി ഉയർന്നുവന്ന മേഖലകളിൽ നിക്ഷേപം നടക്കാത്തതും വ്യവസായ വളർച്ചയെ പിന്നോട്ടടിച്ചു. തുടർന്നുവന്ന ആഗോള സാമ്പത്തിക പ്രതിസന്ധി ഈ പ്രശ്നങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കി.

1.3 കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക പുരോഗതിയ്ക്ക് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ മുഖ്യമായ പങ്കുവഹിക്കുന്നു. കേരളത്തിന്റെ മികച്ച കണക്റ്റിവിറ്റി സൗകര്യം, വാർത്താവിനിമയ ശൃംഖല, ലഭ്യമായ വിദഗ്ദ്ധ മനുഷ്യവിഭവ സമ്പത്ത് ഇവ കൂടാതെ താരതമ്യേന മെച്ചപ്പെട്ട വ്യവസായ അടിസ്ഥാന സൗകര്യം എന്നിവയാണ് എം.എസ്.എം.ഇ. മേഖലയെ വളർച്ചയിലേക്ക് നയിക്കുന്നത്. ഈ മേഖലയിലെ 50 ശതമാനത്തിലേറെയും ഗ്രാമീണ മേഖലയിൽ ആയതിനാൽ യുവാക്കൾക്കും സാമൂഹ്യപരമായി അവഗണിക്കപ്പെട്ട വിഭാഗങ്ങൾക്കും തൊഴിൽ നൽകുന്നതിൽ ഗണ്യമായ പങ്കാണ് വഹിക്കുന്നത്.

1.4 കേന്ദ്രസർക്കാർ 2016 നവംബർ 8 ന് പുറപ്പെടുവിച്ച വിജ്ഞാപനത്തിലൂടെ 500, 1000 രൂപയുടെ നോട്ടുകൾക്ക് നിയമ പ്രാബല്യം ഇല്ലാതായി. തികച്ചും ആകസ്മികമായ ഈ നയം കേരളത്തിലെ വ്യവസായ മേഖലയെ പ്രത്യേകിച്ച് സൂക്ഷ്മ ഇടത്തരം ചെറുകിട വ്യവസായങ്ങളെ തകർക്കുകയും നിർമ്മാണ മേഖലയിൽ ഗുരുതരമായ പ്രതിസന്ധി സൃഷ്ടിക്കുകയും കേരളത്തിലെ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കുകയും ചെയ്തു. ഈ വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് വ്യവസായ വികസനം ത്വരിതപ്പെടുത്താനുള്ള സമഗ്രവും ക്രിയാത്മകവുമായ ഒരു സമീപനമാണ് സ്വീകരിക്കുന്നത്.

1.5 കേരളത്തിന്റെ ഉത്പാദന മേഖലയിലെ 18 ലക്ഷം തൊഴിലാളികളിൽ 3.8 ലക്ഷം പേർ ഫാക്ടറി/സംഘടിത ഉത്പാദന മേഖലകളിലും 14.2 ലക്ഷം

പേർ അസംഘടിത മേഖലകളിലുമായി വിന്യസിച്ചിരിക്കുന്നു.

1.6 ഉയർന്ന സാക്ഷരതാ നിലവാരവും തൊഴിൽ വൈദഗ്ധ്യ പരിശീലന പരിപാടികളും മാനവശേഷി വിതരണത്തിലൂടെ കൂടുതൽ വ്യാവസായിക പരിപാടികൾ വിജയിപ്പിക്കുന്നതിന് സഹായിച്ചു. ഭാരതത്തിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഉയർന്ന ഉപഭോഗവും ആളോഹരി ഉപഭോഗ ചെലവും ഗ്രാമങ്ങളിലേതിനേക്കാൾ ഇരട്ടിയും നഗരങ്ങളേതിനേക്കാൾ 1.3 മടങ്ങും ആകുന്നു. ഇത് സംസ്ഥാനത്തെ വ്യവസായിക പ്രവർത്തനങ്ങൾക്ക് അനുയോജ്യ വിപണനകേന്ദ്രമായി മാറാൻ സഹായിച്ചു. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ സ്ഥാനവും കിഴക്കിനും പടിഞ്ഞാറിനും മധ്യേയുള്ള അന്തർദേശീയ സമുദ്ര പാതയുടെ സാമീപ്യമുള്ള വല്ലാർപാടം, നിർമ്മാണ പുരോഗതിയിലുള്ള വിഴിഞ്ഞം എന്നീ തുറമുഖങ്ങളും കയറ്റുമതി അടിസ്ഥാനമായ വ്യവസായ സംരംഭങ്ങൾക്ക് അതുല്യമായ അവസരങ്ങൾ ഉണ്ടാക്കി. മൂന്ന് അന്തർദേശീയ വിമാനത്താവളങ്ങളും നിർമാണപുരോഗതിയിലുള്ള കണ്ണൂർ വിമാനത്താവളവും അതിശക്തമായ വിദേശ മലയാളി സാന്നിദ്ധ്യവും ഈ നേട്ടങ്ങൾക്ക് പങ്കാളികളാണ്. കേരളത്തിലെ ഉയർന്ന ജനസാന്ദ്രത വ്യാവസായിക ആവശ്യങ്ങൾക്കുള്ള സ്ഥലലഭ്യതയ്ക്ക് ഒരു വെല്ലുവിളിയാണ്. സംസ്ഥാനം മുഴുവൻ ജനജീവിതം വ്യാപിച്ചിരിക്കുന്നതിനാൽ വ്യവസായ എസ്റ്റേറ്റുകളോ മേഖലകളോ കേന്ദ്രീകരിച്ചുള്ള വ്യവസായ സ്ഥാപനങ്ങൾ ഒരാവശ്യമായി മാറിയിരിക്കുന്നു. 25 വർഷം ദൈർഘ്യമുള്ള ഊർജലഭ്യതാ ധാരണാ പത്രത്തിലേർപ്പെടുക വഴി ഇന്നത്തെ ഊർജലഭ്യതയുടെ 30 ശതമാനം വർദ്ധനവുണ്ടാകുന്നതിനാൽ ഊർജലഭ്യതയ്ക്ക് തടസമുണ്ടാവുകയില്ല. സംസ്ഥാനത്തെ വ്യാവസായിക ആവശ്യങ്ങൾക്കുള്ള ഊർജനിരക്കാകട്ടെ തെക്കൻ ഭാരതത്തിലെ നിരക്കിനേക്കാൾ വളരെ കുറവും ഭാരതത്തിലെ തന്നെ കുറവു നിരക്കുകളുമുള്ള ഒരു സംസ്ഥാനം കൂടി ആകുന്നു.

1.7 2011-12 ൽ കേരളത്തിൽ മൊത്തം സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനത്തിൽ നിർമ്മാണ വ്യവസായ മേഖലയുടെ സംഭാവന 7.5 ശതമാനം മാത്രമാണ്. ഇത് ഇന്ത്യയുടെയും (15.8 ശതമാനം 2011-12 ൽ) ചൈനയുടെയും (31 ശതമാനം 2012 ൽ) നിർമ്മാണ വ്യവസായ മേഖലയ്ക്ക് അതത് രാജ്യങ്ങളിലെ മൊത്തം ആഭ്യന്തര ഉത്പാദന (GSP) ത്തിലേയ്ക്കുള്ള സംഭാവനകളേക്കാളും കുറവാണ്. കേരളത്തിലെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 7.5 ശതമാനമേ നിർമ്മാണ വ്യവസായ മേഖല സംഭാവന ചെയ്യുന്നുള്ളൂവെങ്കിലും 2011-12 ൽ സംസ്ഥാനത്തിന്റെ മൊത്തം തൊഴിൽ സേനയുടെ ഏകദേശം 14 ശതമാനം തൊഴിലും നൽകുന്നത് ഈ മേഖലയാണ്. ഇന്ത്യയുമായി ഇത് താരതമ്യപ്പെടുത്തുമ്പോൾ കാണുന്നത്, ജിഡിപി യിൽ 16 ശതമാനം വിഹിതമുള്ള നിർമ്മാണ വ്യവസായ മേഖല മൊത്തം രാജ്യത്തിന്റെ തൊഴിൽ സേനയുടെ 13 ശതമാനമാണ് ഉൾക്കൊള്ളുന്നത്. ഇത് കേരളത്തിന്റെ നിർമ്മാണ വ്യവസായ മേഖലയുടെ ഘടനയിലെ ചെറിയതോതിലുള്ള അസന്തുലിതാവസ്ഥയെയാണ് സൂചിപ്പിക്കുന്നത്.

1.8 കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായി ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ

സ്വകാര്യവൽക്കരിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. വിറ്റഴിക്കേണ്ടതും സ്വകാര്യവൽക്കരിക്കേണ്ടതുമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ പട്ടിക ഏതൊക്കെയെന്ന് നീതി ആയോഗ് തയ്യാറാക്കിയിരിക്കുന്നു. കാസറഗോഡുള്ള BHEL-EML, SAIL-SCL, TELK-NTPC എന്ന സംയുക്ത സംരംഭങ്ങളിൽ നിന്നും കേന്ദ്ര ഗവൺമെന്റ് പിന്മാറാനും ഓഹരി വിറ്റഴിക്കാനും തീരുമാനിച്ചു കഴിഞ്ഞിരിക്കുന്നു. സംസ്ഥാന സർക്കാരിന് എതിരായ പ്രസ്തുത നിലപാട് തൊഴിലാളികൾക്ക് തങ്ങളുടെ ഭാവി ഇരുട്ടിലാകുമോ എന്ന ആശങ്കയുണർത്തുന്നു. FACT സ്വകാര്യവൽക്കരിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചപ്പോൾ സംസ്ഥാന താൽപര്യം പരിഗണിച്ച് പാലക്കാട് യൂണിറ്റ് ഏറ്റെടുത്തു നടത്തുവാൻ സംസ്ഥാന സർക്കാർ തത്വത്തിൽ തീരുമാനിച്ച് നടപടികളുമായി മുന്നോട്ടുപോകുന്നു. രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ദക്ഷിണമേഖലയ്ക്കായി പ്രഖ്യാപിച്ചിരുന്ന കൊച്ചിൻ ഷിപ്പ്‌യാർഡിന്റ 25% ഓഹരികൾ വിറ്റഴിക്കാനും ആരംഭിച്ചു. ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തിന്റെ കൊച്ചി യൂണിറ്റ് അടച്ചുപൂട്ടൽ ഭീഷണിയിലാണ്. ബാംബൂ കോർപ്പറേഷൻ അടക്കമുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് ഫീനോൾ എന്ന അസംസ്കൃത വസ്തു നൽകുന്ന HOCL അടച്ചുപൂട്ടിയാൽ ഗുരുതരമായ പ്രതിസന്ധിയിലേയ്ക്ക് തള്ളപ്പെടുകയും ചെയ്യും. ഇറക്കുമതി ചുങ്കം നിർത്തലാക്കിയതോടെ HIL, HNL എന്നീ സ്ഥാപനങ്ങളുടെ നിലനിൽപ്പ് തന്നെ അപകടത്തിലാണ്. ഇന്ത്യയിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിയ മൊത്തം നിക്ഷേപത്തിൽ ജനസംഖ്യാനുപാതികമായി നോക്കിയാൽ കേരളത്തിനു ലഭിക്കേണ്ടിയിരുന്നത് 3 ശതമാനത്തിൽ അധികമാണെങ്കിലും നാളിതുവരെ ആ തരത്തിലേയ്ക്ക് ഉയർന്നിട്ടില്ല. 2011-12ൽ 2.06 ശതമാനം ആയിരുന്നത് 2014-15 ൽ 1.98 ശതമാനമായി കുറഞ്ഞു. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ അടച്ചുപൂട്ടൽ കൂടിയാകുമ്പോൾ ഇതു വീണ്ടും കുറയുന്ന സാഹചര്യത്തിലേക്ക് പോകുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ പ്രതിസന്ധിയിലാകുന്നത് നഷ്ടം മൂലമോ സമരംമൂലമോ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നതുകൊണ്ടോ അല്ല മറിച്ച് കേന്ദ്ര നയത്തിന്റെ ഭാഗമായ സ്വകാര്യവൽക്കരണം കൊണ്ടുമാത്രമാണ്. ഈ പശ്ചാത്തലത്തിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ നിലനിർത്താനും സംരക്ഷിക്കാനും കേരള സർക്കാർ ശക്തമായ നടപടികളുമായി മുന്നോട്ടുപോകും.

1.9 പൊതുമേഖലയെ സ്വകാര്യവൽക്കരിക്കുക എന്നതാണ് ആഗോളവൽക്കരണ നയത്തിന്റെ കാഴ്ചപ്പാട്. പൊതുമേഖലയെ സംരക്ഷിക്കാനുള്ള നിലപാടാണ് കേരളത്തിലെ ഇടതുമുന്നണി സർക്കാർ സ്വീകരിക്കുന്നത്. ഇതിന്റെ ഫലമായി മുൻ സർക്കാരിന്റെ ഭരണ കാലത്ത് നഷ്ടത്തിലായിരുന്ന വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കഴിഞ്ഞു. 2015-16 വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം 131.60 കോടിയായിരു ന്നെങ്കിൽ 2016-17 ൽ അത് 71.34 കോടിയായി കുറയുകയും 2017-18 ൽ 106.91 കോടി ലാഭത്തിലെത്തുകയും ചെയ്തു. മാത്രമല്ല ഏറ്റവും ശക്തമായി നിലനിൽക്കുന്ന സൂക്ഷ്മ ഇടത്തരം വ്യവസായ സംരംഭങ്ങളെ ശക്തിപ്പെടുത്തുന്നതിന് അവസരവും സൃഷ്ടിക്കുകയാണ്. വ്യവസായ രംഗത്തു പുത്തൻ പ്രതീക്ഷ നൽകുന്ന ഇൻഡസ്ട്രിയൽ കോറിഡോറിനും

തുടക്കമിട്ടു കഴിഞ്ഞു. പൂട്ടിക്കിടന്ന 40 കശുവണ്ടി ഫാക്ടറികൾ സർക്കാരിന്റെ ശ്രമഫലമായി തുറന്നു. വ്യവസായികൾക്ക് കേരളത്തിലേയ്ക്ക് കടന്നുവരാൻ തക്ക സാഹചര്യവും അനുകൂല സമീപനവും 201617 ൽ സൃഷ്ടിക്കാൻ കഴിഞ്ഞു.

1.10 അഭ്യസ്തവിദ്യരായ യുവതലമുറയുടെ പ്രതീക്ഷകൾക്കനുസരിച്ചുള്ള തൊഴിലവസര സൃഷ്ടിയും സംസ്ഥാനത്തിന്റെ ത്വരിത ഗതിയിലുള്ള സാമ്പത്തിക വളർച്ചയുമാണ് ലക്ഷ്യം വയ്ക്കുന്നത്. നിലവിലുള്ള വ്യവസായങ്ങളെ പരിപോഷിപ്പിച്ചും പൊതു സ്വകാര്യമേഖലകളിൽ ആധുനിക വ്യവസായ സംരംഭങ്ങൾ ആരംഭിച്ചും ഈ ലക്ഷ്യം കൈവരിക്കാനാവും. കേരളത്തെ സമ്പൂർണ്ണ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതിനുമുള്ള ഫലപ്രദവും ക്രിയാത്മകവുമായ നടപടികളാണ് വ്യവസായ വാണിജ്യനയം മുന്നോട്ട് വയ്ക്കുന്നത്. അതോടൊപ്പം പരമ്പരാഗത വ്യവസായങ്ങളെ പൂർണ്ണമായും സംരക്ഷിക്കും. പരിസ്ഥിതി സൗഹൃദവും പ്രകൃതി വിഭവങ്ങളുടെ ന്യായമായ ഉപഭോഗം ഉറപ്പുവരുത്തുന്നതുമാണ് ഈ നയം.

## 2.0 വീക്ഷണം

2.1 കേരളത്തെ പരിസ്ഥിതി സൗഹൃദരീതിയിൽ ശക്തമായ നിക്ഷേപക സംസ്ഥാനമാക്കി ഒപ്പം വാണിജ്യരംഗത്ത് ഒരു കുതിച്ചുചാട്ടവും ഉണ്ടാക്കി ന്യായമായ വേതനം ലഭിക്കുന്ന തൊഴിലവസരങ്ങൾ വൻതോതിൽ സൃഷ്ടിച്ച് സാമൂഹ്യ പ്രതിബദ്ധതയ്ക്ക് ഊന്നൽ നൽകികൊണ്ട് സുഗമമായി വ്യവസായം നടത്തുകയും അതിലൂടെ സമഗ്ര സാമ്പത്തിക പുരോഗതി കൈവരിക്കുകയും രാജ്യത്തെ ആദ്യ പത്ത് സംസ്ഥാനങ്ങളിലൊന്നായി സംസ്ഥാനത്തെ ഉയർത്തുകയും ചെയ്യുക എന്നതാണ് നയത്തിന്റെ വീക്ഷണം.

## 3.0 ലക്ഷ്യങ്ങൾ

<u>നയങ്ങളുടെ ഉദ്ദേശം:</u>

3.1 വ്യവസായ വളർച്ചയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.

3.2 സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള റെഗുലേറ്ററി നടപടിക്രമങ്ങൾ ലഘൂകരിക്കുക; സമയബന്ധിതമായി അംഗീകാരവും ക്ലിയറൻസും നൽകുക.

3.3 നിലവിലുള്ള വ്യവസായങ്ങളുടെ പ്രവർത്തനങ്ങളെ കൂടുതൽ ശക്തവും കാര്യക്ഷമവും ആക്കുക.

3.4 പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തി തൊഴിലവസരങ്ങൾ സൃഷ്ടിച്ച് ഗ്രാമീണ മേഖലയിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ സമാരംഭിക്കുക.

3.5 വ്യാവസായിക മേഖലയിൽ കൂടുതൽ ദേശീയ-അന്തർദേശീയ നിക്ഷേപങ്ങൾ ഉറപ്പാക്കുക.

3.6 പി.എസ്.യു., മറ്റ് ഉത്പാദന യൂണിറ്റുകൾ എന്നിവയെ സഹായിക്കുക വഴി അവയുടെ ഉദ്ദേശലക്ഷ്യം കൈവരിക്കുക.

3.7 പ്രാദേശികമായി ലഭ്യതയുള്ള വിഭവങ്ങൾക്ക് ഉയർന്ന വിലനിലവാരം ഉറപ്പാക്കുക.

3.8 സംസ്ഥാനത്തുള്ള വിദഗ്ധ മാനവശേഷി പ്രയോജനപ്പെടുത്തി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക

3.9 പ്രവാസികൾ, സംരംഭകരാകാൻ താല്പര്യമുള്ള യുവാക്കൾ, വനിതകൾ, വിമുക്തഭടന്മാർ എന്നിവരെ പ്രോത്സാഹിപ്പിക്കുക.

3.10 പൊതുവായും പിപിപി മോഡുകളിലുമായി വ്യാവസായിക അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

3.11 ഭൂമി ഏറ്റെടുക്കൽ, സമാഹരണം, സ്വകാര്യ വ്യവസായ പാർക്കുകൾ/ എസ്റ്റേറ്റുകൾ എന്നിവ വഴി ആവശ്യമായ ഭൂമി ഉറപ്പുവരുത്തുക

3.12 സമാഹരിച്ച വ്യവസായ ഭൂമി, സ്വകാര്യവ്യവസായ പാർക്കുകൾ/ എസ്റ്റേറ്റുകൾ എന്നിവയ്ക്ക് ആവശ്യമായ ട്രങ്ക് ഇൻഫ്രാസ്ട്രക്ചർ ഒരുക്കുക.

3.13 ദേശീയ ഉത്പാദന നയം, പെട്രോളിയം രാസ പെട്രോക്കെമിക്കൽ നിക്ഷേപ സ്ഥാപനങ്ങൾ, ഇലക്ട്രോണിക്സ്, സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ, ക്ലസ്റ്റർ വികസന പരിപാടികൾ എന്നിവയോടൊത്ത് വ്യവസായ ക്ലസ്റ്ററുകളുടെ രൂപീകരണം/വികസനം ത്വരിതപ്പെടുത്തുക.

3.14 സേവനങ്ങൾ, വാണിജ്യ സെക്ടറുകൾ എന്നിവ ശക്തിപ്പെടുത്തുക, സംസ്ഥാനത്തെ വിദഗ്ധ-അർദ്ധ വിദഗ്ധരുമായുള്ളവർക്ക് ജോലി സൃഷ്ടിക്കുക വഴി സർവ്വീസ്, വാണിജ്യ സെക്ടറുകൾ എന്നിവ ശക്തമാക്കുക.

3.15 സംസ്ഥാനത്ത് പൊതുസ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിലേയ്ക്കായി ടെക്നോളജി, ക്വാളിറ്റി മാനേജ്മെന്റ് തലങ്ങളിൽ അന്തർദേശീയ തലങ്ങളിലുള്ള സ്റ്റാൻഡേർഡുകൾ നടപ്പാക്കുക.

3.16 സംരംഭകശാലകളിൽ പരിസ്ഥിതി സൗഹൃദ പദ്ധതികൾക്ക് പ്രോത്സാഹനം നൽകുക.

3.17 വ്യവസായത്തിലും ഇൻഫ്രാസ്ട്രക്ചർ നിക്ഷേപത്തിലും കൂട്ടുപങ്കാളിത്തം സ്വീകരിച്ച് നടപ്പാക്കുക.

3.18 ഉയർന്ന നിലവാരമുള്ളതും, ന്യായമായി വിലയുള്ളതുമായ ഉത്പന്നങ്ങൾ കൂടുതൽ ഉത്പാദിപ്പിക്കുക; അവയ്ക്ക് ദേശീയ-അന്തർദ്ദേശീയ വിപണത്തിന് സ്ഥലം ഉറപ്പുവരുത്തുക.

3.19 യുവജനങ്ങളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ സഹായിക്കുന്ന

തരത്തിൽ അവരുടെ സാങ്കേതിക വൈദഗ്ദ്ധ്യത്തിന് മൂല്യവർദ്ധന ഉണ്ടാക്കുക.

3.20 പരമ്പരാഗത രീതിയിലുള്ള ഉത്പാദനത്തിൽ നിൽക്കുന്നവർക്ക് സർക്കാർ മാന്യമായ കൂലി, തൊഴിൽ വരുമാനം എന്നിവ ഉറപ്പാക്കുക.

3.21 ലോജിസ്റ്റിക് സെക്ടറിന്റെ വികസനത്തിലൂടെ വ്യവസായ സാദ്ധ്യത വർദ്ധിപ്പിക്കുക.

## 4.0 തന്ത്രവും സമീപനവും

4.1 വിദ്യാഭ്യാസവും തൊഴിൽ വൈദഗ്ധ്യവും നേടിയ കേരളത്തിലെ കർമ്മശക്തിക്ക് ആധുനിക ഉത്പാദന വൈദഗ്ധ്യം വേഗത്തിൽ മനസ്സിലാക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനുമുള്ള ശേഷി അതിവിപുലമാണ്. അതിനാൽ സാമൂഹ്യവും പാരിസ്ഥിതികവുമായ സൗഹൃദം നിലനിർത്തുന്ന തരത്തിലുള്ള സാമ്പത്തിക നടപടി ക്രമങ്ങളിലൂടെയുള്ള ഒരു ഇക്കോ-സിസ്റ്റമാണ് വിഭാവനം ചെയ്യുന്നത്. ബാലവേലയും മറ്റ് തൊഴിൽ ചൂഷണ രീതികളും ഒഴിവാക്കി മൂല്യവർധിത രീതികളിലൂടെ പരിസ്ഥിതി സൗഹൃദം നിലനിർത്തിയുള്ള കുതിച്ചുകയറ്റമാണ് വേണ്ടത്.

4.2 ബന്ധപ്പെട്ട വകുപ്പുകളുടേയും ഏജൻസികളുടേയും പ്രവർത്തനം നിരീക്ഷിക്കുന്നതിനും ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുന്നതിനും വേണ്ടുന്ന അവസരങ്ങളിൽ ഇടപെടലുകൾ നടത്തുന്നതിനും ആവശ്യമായ അധികാരങ്ങളോടുകൂടിയ ഒരു എംപവേർഡ് കമ്മിറ്റിക്ക് (ഉന്നത ഉദ്യോഗസ്ഥരും സാങ്കേതിക വിദഗ്ദ്ധരും അടങ്ങുന്നത്) രൂപം നൽകും. അഴിമതിയും കൊടുകാര്യസ്ഥതയും തുടച്ചുനീക്കി സുതാര്യതയുടേയും കാര്യക്ഷമതയുടേയും അടിസ്ഥാനശിലകളിലുറപ്പിച്ചു മുന്നോട്ടു പോകുന്നതാവും കേരള വ്യവസായ വാണിജ്യ നയം. ഓൺലൈൻ സംവിധാനത്തിലൂടെ സംരംഭകർക്കും വകുപ്പ് മേധാവികൾക്കും ലൈസൻസിംഗും മറ്റു സ്റ്റാറ്റ്യൂട്ടറി സർട്ടിഫിക്കേഷൻ കാര്യങ്ങളും മോണിറ്റർ ചെയ്യുന്ന തിന് അവസരമുണ്ടാക്കും.

4.3 എല്ലാ വ്യവസായ പാർക്ക് / എസ്റ്റേറ്റ് / ഏരിയ കളിൽ സംരംഭകരും തൊഴിലാളികളും തമ്മിലുള്ള തർക്കങ്ങൾ വന്നാൽ പരിഹരിക്കുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറായും, ജില്ലാ വ്യവസായ കേന്ദ്രം, അതത് വ്യവസായ എസ്റ്റേറ്റുകളിലെ വ്യവസായ അസ്സോസിയേഷൻ, ട്രേഡ് യൂണിയൻ എന്നിവരുടെ പ്രതിനിധികളെ ഉൾപ്പെടുത്തി കൊണ്ട് ഒരു കമ്മിറ്റി രൂപീകരിക്കും.

4.4 കൃത്യമായ ഇടവേളകളിൽ വകുപ്പ് മന്ത്രിയും ഉന്നതതല ഉദ്യോഗസ്ഥരും സംരംഭകരും ഉൾപ്പെടുത്തികൊണ്ടുള്ള മുഖാമുഖ ചർച്ചകൾ സംഘടിപ്പിക്കും.

4.5 വ്യവസായ മേഖലയിൽ വളർച്ചക്ക് സാധ്യതയുള്ള സമയോജിതവും പ്രായോഗികവുമായ നൈപുണ്യ വികസനവും, തൊഴിലവസരവും പ്രോത്സാഹിപ്പിക്കും.

## 5.0 അടിസ്ഥാന സൗകര്യവികസനം

ഒരു സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമൂഹ്യ-സാമ്പത്തിക വികസനത്തിന്റെ താക്കോൽ ഒരു പ്രബലമായ അടിസ്ഥാന സൗകര്യങ്ങളുടെ അടിത്തറയാണ്. ഇത് കൂടുതൽ നിക്ഷേപകരെ സംസ്ഥാനത്തിലേയ്ക്ക് ആകർഷിക്കുന്ന ഒരു ചാലകമാകയാൽ മറ്റു സംസ്ഥാനങ്ങളിലുമായി മാത്സര്യത്തിനുള്ള അവസരം ലഭിക്കുന്നു. മതിയായതും കാര്യക്ഷമമായതുമായ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത വ്യവസായ വത്കരണത്തെ ത്വരിതപ്പെടുത്തുന്നതിനോടൊപ്പം ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും സഹായിക്കുന്നു. അതിലേയ്ക്ക് ചുവടെ ചേർത്തിരിക്കുന്ന നയങ്ങൾ സമർപ്പിക്കുന്നു.

5.1 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ച്, വ്യവസായ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിലേയ്ക്ക് അവരുടെ അധീനതയിലുള്ള ഭൂമി കണ്ടെത്തി പ്രാഥമിക തലത്തിൽ വ്യവസായ സംരംഭങ്ങൾക്കായി അവ പ്രയോജനപ്പെടുത്തും.

5.2 വ്യവസായ ആവശ്യങ്ങൾക്കായി അനുവദിച്ചിട്ടുള്ള ഭൂമികളിൽ നിലവിലുള്ള കൈവശക്കാരുടെ അവകാശങ്ങൾ അതേപടി നിലനിർത്തും. എന്നാൽ പുതിയ നയപരിപാടിയുടെ വിജ്ഞാപനത്തിനുശേഷം വ്യവസായ പ്ലോട്ടുകൾ, ഷെഡ് മുതലായവ അലോട്ടു ചെയ്യുന്നതിൽ ഉണ്ടാകാവുന്ന വിവേചനം അവസാനിപ്പിക്കാൻ സുതാര്യമായ നടപടികൾ വഴി അനുമതി നൽകും. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ നിക്ഷേപകർക്ക് സ്ഥാപനങ്ങൾ നിർത്തിപോകുന്നതിന് അനുമതി നൽകുന്നതാണ്. വ്യവസായ വികസന പ്രദേശത്തോ പ്ലോട്ടുകളിലോ നിലവിലുള്ള ഉടമസ്ഥർക്ക് വിട്ടുപോകുമ്പോൾ ഭൂമി തിരിച്ചേൽപിക്കേണ്ടതും ഈ ഭൂമി മറ്റു സംരംഭകർക്ക് അനുവദിച്ചു നൽകാവുന്നതുമാണ്.

5.3 സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നതാണ്. നഗര പ്രദേശങ്ങളിൽ കുറഞ്ഞത് 15 ഏക്കർ ഭൂമിയും ഗ്രാമ പ്രദേശങ്ങളിൽ കുറഞ്ഞത് 25 ഏക്കർ ഭൂമിയും സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് സർക്കാർ പരിഗണിക്കും. എന്നാൽ അവർ അക്വയർ ചെയ്ത ഭൂമി വ്യവസായികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ പാടില്ല. 250 ഏക്കറിൽ കൂടുതൽ ഉള്ള ഭൂമിയുടെ 10 ശതമാനം സ്കൂളുകൾ, ആശുപത്രി, അപ്പാർട്ട്മെന്റ് കോംപ്ലക്സ് തുടങ്ങിയവയ്ക്കായി ഉപയോഗിക്കാവുന്നതാണ്.

5.4 നിലവിലുള്ള വ്യാവസായിക പ്രദേശത്തിനോ എസ്റ്റേറ്റുകൾക്കോ അവരുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി ഘട്ടംഘട്ടമായി ബഡ്ജറ്റിൽ സഹായ തുക ഉൾപ്പെടുത്തുന്നതാണ്.

5.5 വ്യവസായശാലകളിൽ ഉൽപ്പാദന പ്രവർത്തനങ്ങൾക്കും മറ്റും ആവശ്യമായ ജലം സ്രോതസുകളിൽ നിന്നു തന്നെ ലഭ്യമാക്കുന്നതിനും മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തും. എല്ലാ വ്യവസായശാലകളിലും മഴവെള്ള സംഭരണികൾ നിർബന്ധമാക്കുന്നതോടൊപ്പം ജലം റീചാർജ് ചെയ്യുന്നതിനുള്ള സംവിധാനവും പ്രോത്സാഹിപ്പിക്കും.

5.6 വ്യവസായ പാർക്കുകളിലെ ഭൂമി അലോട്ട്മെന്റ് / കൈമാറ്റം ചെയ്യുന്നതി

നായി നിലവിലുള്ള വ്യവസ്ഥകളിലെ സങ്കീർണ്ണത ഒഴിവാക്കുന്നതിലേക്കായി പുതിയ ചട്ടം രൂപീകരിക്കും.

5.7 വ്യവസായ ഭൂമിയുടെ മൂല്യനിർണ്ണയം കൃത്യമായ ഇടവേളകളിൽ നിജപ്പെടുത്തുന്നതിനായി വ്യവസായ വകുപ്പ് ഡയറക്ടർ കൺവീനറും വ്യവസായ വകുപ്പ് സെക്രട്ടറി, റവന്യൂ സെക്രട്ടറി, ഫിനാൻസ് സെക്രട്ടറി എന്നിവർ ഉൾപ്പെട്ടിട്ടുള്ള ഒരു കമ്മിറ്റി രൂപീകരിക്കും.

5.8 മാലിന്യ സംസ്കരണ പ്ലാന്റ് (എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്) സ്ഥാപിക്കുന്നതിനായി പ്രത്യേക പരിഗണന നൽകും.

5.9 മലബാർ ഏരിയയിൽ വ്യവസായ വളർച്ചക്കായി നാചറൽ ഗ്യാസ്, എൽഎൻജി പൈപ്പ്ലൈൻ ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായം, കോസ്റ്റൽ എക്കണോമിക് സോൺ തുടങ്ങിയവക്കായി അനുയോജ്യമായ ഭൂമി കണ്ടെത്തും.

5.10 കോഴിക്കോട് ജില്ലയിലും, തൃശ്ശൂർ ജില്ലയിലും, എറണാകുളം ജില്ലയിലും ട്രേഡ് കമ്മോഡിറ്റി സെന്റർ രൂപീകരിക്കും.

5.11 വ്യവസായ പാർക്കുകളിൽ ലോജിസ്റ്റിക്സ് സോൺ രൂപീകരിക്കുവാൻ സർക്കാർ പ്രോത്സാഹനം നൽകും.

## 5.12 വ്യാവസായിക പാർക്കുകൾ

പി.പി.പി. മോഡിൽ ഉൾപ്പെടുത്തി വിവിധ വ്യവസായങ്ങൾക്കായി സർക്കാർ തലത്തിലോ സ്വകാര്യ സ്ഥാപനങ്ങൾക്കായോ വ്യാവസായ പാർക്കുകൾ നിർമ്മിക്കുന്നതാണ്. അത്തരം പാർക്കുകളിൽ അടിയന്തിരമായി വേണ്ടിവരുന്ന അടിസ്ഥാന സൗകര്യങ്ങൾ ഇവയാണ്.

5.12.1 സ്ഥാപനങ്ങൾക്ക് മുൻഗണനാക്രമത്തിൽ ഊർജ്ജവിതരണം

5.12.2 ഉത്പാദന ആവശ്യത്തിലേയ്ക്കുള്ള ജലലഭ്യത ജലസ്രോതസ്സുകളിൽ നിന്നും തടസ്സമില്ലാതെ ലഭ്യമാക്കുക.

5.12.3 വ്യവസായ പാർക്കുകളിലെ സ്ഥാപനങ്ങൾക്കുവേണ്ടി അനുയോജ്യമായ രീതിയിൽ അപ്രോച്ച് റോഡുകളും, എൻ.എച്ച്, സംസ്ഥാന റോഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ മുതലായവയിലേക്ക് അനുബന്ധ റോഡുകളും നിർമ്മിക്കും.

5.12.4 അനുയോജ്യമായ പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കും.

5.12.5 പൊതു ഫെസിലിറ്റി യൂട്ടിലിറ്റി കേന്ദ്രങ്ങൾ നിർമ്മിക്കും.

5.12.6 പാർക്കുകൾക്ക് അനുയോജ്യമായവിധം തൊഴിൽ വൈദഗ്ധ്യ വികസന കേന്ദ്രങ്ങൾ അനുബന്ധമായി നിർമ്മിക്കും.

5.12.7 വസ്ത്രനിർമ്മാണം, ക്വാറിയിംഗ് തുടങ്ങിയ മേഖലകളിലെ വ്യവസായ സംഘടനകളുമായി സഹകരിച്ച് നൈപുണ്യ വികസന കേന്ദ്രങ്ങൾ രൂപീകരിക്കും.

### 5.13 വ്യവസായ ഇടനാഴികൾ

പ്രത്യേക സാമ്പത്തിക മേഖലകൾ ഉൾക്കൊള്ളുന്ന വ്യവസായ ഇടനാഴികൾ, വിഭവങ്ങളുടെയും അവസരങ്ങളുടെയും ലഭ്യതയ്ക്കനുസൃതമായി പ്രധാന സംസ്ഥാന/ദേശീയ പാതയോരങ്ങളിൽ നിർമ്മിക്കും.

### 5.14 വിവിധോദ്ദേശ വ്യാവസായിക മേഖലകൾ

ചെറുതും വലുതുമായ ഒരു കൂട്ടം ഇൻഡസ്ട്രിയൽ പാർക്കുകൾ സംസ്ഥാനത്തിന്റെ പ്രാന്തപ്രദേശങ്ങളിലും ദേശീയ പാതയോരങ്ങളിലും നിർമ്മിച്ച് വിവിധോദ്ദേശ വ്യവസായ മേഖലകൾ സൃഷ്ടിക്കുന്നതാണ്.

5.15 അംഗീകൃത ഇൻഡസ്ട്രിയൽ പാർക്കുകളുടെ/മേഖലകളുടെ കീഴിൽ വരുന്ന സ്ഥാപനങ്ങൾക്ക് താഴെപറയുന്ന രീതിയിൽ പ്രോത്സാഹനങ്ങൾ നൽകുന്നതാണ്.

5.15.1 അനുവദിക്കുന്ന ഓരോ സ്ഥാപനങ്ങൾക്കും സ്റ്റാംപ് ഡ്യൂട്ടി / രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ 100% ഇളവ് അനുവദിക്കുന്നതാണ്

5.15.2 <u>പരിസ്ഥിതി സംരക്ഷണ ഇൻഫ്രാസ്ട്രക്ചർ സബ്സിഡി:</u> ഇടിപി മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ/വിഷമയ മാലിന്യ സംസ്കരണ സംരംഭങ്ങളും നിർമ്മാർജ്ജന സൗകര്യങ്ങളും (Hazardous Waste Treatment Storage and Disposal Facility) എന്നിവ വ്യക്തിഗത/ സ്വകാര്യ ഉത്പാദക സ്ഥാപനങ്ങൾ നിർമ്മിച്ചാൽ അവർക്ക് പരിസ്ഥിതി ഇൻഫ്രാസ്ട്രക്ച്ചർ സബ്സിഡിക്ക് യോഗ്യരാകും.

5.15.3 31.03.2017 ന് ഉണ്ടായിരുന്നതിനേക്കാൾ അധിക ജീവനക്കാർക്ക് ഇ. എസ്.ഐ / പി.എഫ്. എന്നിവയുടെ എംപ്ലോയർ കോൺട്രിബ്യൂഷന്റെ 75 ശതമാനം അടുത്ത മൂന്ന് വർഷത്തേയ്ക്ക് സർക്കാർ അനുവദിക്കുന്നതാണ്.

## 6.0 മുഖ്യ മേഖലകൾ

### 6.1 കാർഷിക ഭക്ഷ്യസംസ്ക്കരണം (Agrofood Processing)

പരമ്പരാഗതമായി വ്യവസായത്തിന് മൂല്യം കണ്ടെത്തുന്ന സുഗന്ധ ദ്രവ്യങ്ങൾ, മൽസ്യം, മറ്റ് കാർഷിക വിഭവങ്ങൾ എന്നിവയുടെ കലവറയാണ് കേരളം.
ഭാരത സർക്കാരിന്റെ ഇതുമായി ബന്ധപ്പെട്ട ബോർഡുകളുടെ പ്രവർത്തനങ്ങളോട് യോജിച്ചുകൊണ്ട് സമുദ്രോത്പന്നങ്ങൾ, പ്രോസ്സസഡ് ഫുഡ്, കയർ, നാളികേരം, കപ്പ, സുഗന്ധ വ്യഞ്ജനങ്ങൾ മുതലായ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനത്തെ ത്വരിതപ്പെടുത്തും. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അനുബന്ധ വ്യവസായ പാർക്കുകൾ നിർമ്മിച്ച് ഇവയ്ക്കുവേണ്ടി പ്രത്യേക അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതാണ്.

## 6.2 വസ്ത്രങ്ങളും തുണിത്തരങ്ങളും (Garments and Textiles):

സർക്കാർ അധീനതയിൽ കണ്ണൂരിലും തിരുവനന്തപുരത്തും തുണി വസ്ത്ര വ്യവസായം കേന്ദ്രീകരിച്ചുള്ള ടെക്സ്റ്റൈൽ പാർക്കുകൾ നിർമ്മിച്ച് ഡൈയിംഗ്, വൈൻഡിംഗ് പ്ലാന്റുകൾ, മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ എന്നിവ അടങ്ങിയ പൂർണ്ണ സംവിധാനങ്ങൾ ഒരുക്കും. പണ്ട് കാലം മുതൽക്കു തന്നെ കേരളത്തിൽ വ്യാപകമായി പ്രവർത്തിച്ചു പോരുന്ന ഒരു വ്യവസായ മേഖലയാണിത്. പരമ്പരാഗതരീതിയും കൈത്തൊഴിലും അടിസ്ഥാനമാക്കിയുള്ള യൂണിറ്റുകൾ മുതൽ അത്യാധുനിക യന്ത്രസാമഗ്രികളും സാങ്കേതിക വിദഗ്ധരും ഉൾപ്പെടുന്ന വ്യവസായ സംരംഭങ്ങൾ വരെ വ്യാപിച്ചുകിടക്കുന്ന ടെക്സ്റ്റൈൽ മേഖല, നൂൽ ഉല്പാദനം, തുണി ഉല്പാദനം, മൂല്യവർദ്ധിത ഉല്പാദനം എന്നിവയുടെ വാല്യൂചെയിൻ അടിസ്ഥാനമാക്കി വികസിപ്പിക്കും. കേരളത്തിൽ നൂൽ ഉല്പാദന മേഖല പി. നന്ദകുമാർ കമ്മറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിക്കുകയും സമഗ്രമാക്കു കയും ചെയ്യും.

ഈ മേഖലയിൽ സ്ത്രീകൾക്ക് അവസരം നൽകുകയും അവരുടെ വേതനം, പ്രവർത്തന സമയം എന്നിവ ഐറ്റി മേഖലയിൽ പുരുഷൻമാർക്ക് നൽകുന്നതുപോലെ ക്രമീകരിക്കും.

## 6.3 ഇലക്ട്രോണിക്സ്:

ഇലക്ട്രോണിക്സ് ഉത്പാദന രംഗത്തെ അതിവേഗ വളർച്ചയെ ലക്ഷ്യമിട്ട് സർക്കാർ താഴെപറയുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതാണ്.

6.3.1 എറണാകുളത്ത് ആമ്പല്ലൂരിൽ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക്

6.3.2 കൊച്ചി ഇൻഫോ പാർക്കിൽ അതിനൂതന സാങ്കേതിക വിദ്യകളോടുകൂടിയ ഇലക്ട്രോണിക് ഇൻകുബേറ്റർ

6.3.3 പാലക്കാട് പ്രതിരോധ ആവശ്യങ്ങൾക്കുള്ള ഘടകങ്ങൾ, എറോസ്പേസ്/ഇലക്ട്രോണിക്സ് എന്നിവ ലക്ഷ്യമിട്ടുള്ള ഡിഫൻസ് പാർക്ക്

6.3.4 കാക്കനാട്ടിൽ ഇലക്ട്രോണിക്സ് ഉത്പാദന ക്ലസ്റ്റർ

6.3.5 കെൽട്രോണിന്റെ വികസനം ശക്തിപ്പെടുത്തുന്നതിനോടൊപ്പം പ്രതിരോധ മേഖലയിലേക്ക് ഊന്നൽ നൽകിയുള്ള ഉൽപാദനം ലക്ഷ്യമിടും.

6.3.6 ഓട്ടോ ഇലക്ട്രോണിക്സ്, പ്രിന്റഡ് ഇലക്ട്രോണിക്സ് മുതലായ പ്രത്യേക മേഖലകളുടെ വളർച്ചയ്ക്ക് പ്രാദേശിക ഡിസൈൻ കഴിവുകൾ പ്രയോജനപ്പെടുത്താൻ ശ്രമിക്കും.

## 6.4 ബയോടെക്നോളജിയും നാനോ ടെക്നോളജിയും:

6.4.1 കെഎസ്ഐഡിസി തിരുവനന്തപുരത്ത് ലൈഫ് സയൻസ് അടിസ്ഥാനപ്പെടുത്തിയുള്ള ഒരു വ്യവസായത്തിന് രൂപം കൊടുത്ത് ലോകോത്തര സൗകര്യങ്ങളോടുകൂടിയ ഒരു ലൈഫ് സയൻസ് പാർക്ക് സ്ഥാപിക്കും. ഈ പാർക്കിൽ വലിയ ബയോ ഐടി സംയോജിത കമ്പനികൾ സ്ഥാപിക്കുന്നതിനുമുള്ള പ്ലോട്ടുകൾ തയ്യാറാക്കും. അതിൽ റെഡി-ടു-യൂസ് മോഡുലർ സൗകര്യങ്ങൾ, വെറ്റ്, ഡ്രൈ ലാബ് സൗകര്യങ്ങൾ എന്നിവ ഒരുക്കി വലുതും ചെറുതുമായ സ്റ്റാർട്ട്-അപ്പ് കമ്പനികൾക്ക് യോജിച്ച സംവിധാനം

ഏർപ്പെടുത്തും.

6.4.2 ഈ പാർക്കിൽ ലഭ്യമായിട്ടുള്ള സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗിച്ച് cGMP യ്ക്ക് അനുസൃതമായി ആധുനിക ആശയങ്ങളെ ഉത്പന്നങ്ങളാക്കി വാണിജ്യവത്കരിക്കാൻ ശ്രമിക്കും. ആധുനിക ശാസ്ത്രത്തിന്റെ ബന്ധപ്പെട്ട മേഖലകളിൽ ഗവേഷണത്തിന്റെയും വൈദഗ്ധ്യ വികസനത്തിന്റെയും കേന്ദ്രബിന്ദുവായി പ്രസ്തുത പാർക്ക് പ്രവർത്തിക്കും.

6.4.3 ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെ സാങ്കേതിക വിദ്യ എന്നറിയപ്പെടുന്ന നാനോടെക്നോളജിക്ക് വിപുലമായ സാദ്ധ്യതകളാണുള്ളത്. നാനോ ടെക്നോളജി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സെമികണ്ടക്ടർ ഫാബ്രിക്കേഷൻ എന്നിവകളിൽ അധിഷ്ഠിതമായ സംരംഭങ്ങൾക്ക് സർക്കാർ പ്രത്യേക പരിഗണനയും പ്രോത്സാഹനവും നൽകുന്നതാണ്.

## 6.5 വുഡ് പ്രോസസ്സിംഗ്:

6.5.1 വുഡ് പ്രോസസ്സിംഗ് വ്യവസായത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ അധീനതയിൽ അന്തർദേശീയ ഫർണിച്ചർ ഹബ് സ്ഥാപിക്കും. വിവിധ വുഡ് പ്രോസസിംഗ് വ്യവസായങ്ങൾക്ക് ആഭ്യന്തരവും അന്തർദേശീയവുമായ വിപണികളിൽ അവരുടെ ഉത്പന്നങ്ങൾ വിറ്റഴിക്കാനുള്ള സൗകര്യം ഉണ്ടാക്കും.

6.5.2 സംസ്ഥാനത്തെ അസംഘടിതമായ ഫർണിച്ചർ ഉത്പാദകരെ ഒരുമിച്ചു കൊണ്ടുവരുന്നതിന് കൂടുതൽ ഫർണിച്ചർ ക്ലസ്റ്ററുകൾ രൂപീകരിക്കാനുള്ള പ്രോത്സാഹനം നല്കും. വിദഗ്ധ തൊഴിലാളികളുടെ അഭാവം നികത്താൻ പൂർണ്ണമായും യന്ത്രവത്കരണ സമ്പ്രദായം പ്രോത്സാഹി പ്പിക്കും.

## 6.6 ഖനനം:

6.6.1 ധാതുമണൽ ഖനനം പൊതുമേഖലയിൽ മാത്രമായി പരിമിതപ്പെടുത്തും. എന്നാൽ ഇത് സംബന്ധിച്ച് ഇപ്പോൾ നിലവിലുള്ള ബഹു: സുപ്രീംകോടതിയുടെ ഉത്തരവ് പാലിക്കപ്പെടുന്നതായിരിക്കു. ചവറ തോട്ടപ്പള്ളി ബെൽറ്റിലുള്ള ധാതുസമ്പത്തിന്റെ ഖനനം സമഗ്ര വീക്ഷണത്തോടുകൂടി പരിസ്ഥിതി സൗഹൃദമായി ബ്രഹത്തായ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഏകോപിപ്പിക്കും. മൂല്യവർദ്ധിത ടൈറ്റാനിയം പിഗ്മെന്റിൽ ഒതുക്കാതെ ടൈറ്റാനിയം മെറ്റലിലേക്ക് നീങ്ങുന്നതിനാവശ്യമായ വൻകിട പ്ലാന്റ് സ്ഥാപിക്കും. ഇതിനാവശ്യമായ സാങ്കേതിക വിദ്യ ഈ രംഗത്തെ പ്രമുഖരുമായിട്ടുള്ള കൂട്ടുസംരംഭങ്ങളിലൂടെ കണ്ടെത്തും.

6.6.2 വിവര-സാങ്കേതിക വിദ്യ ഉപയോഗിച്ച് ഖനന-ഭൂവിജ്ഞാനീയ വകുപ്പിനെ ആധുനീകരിക്കും.

6.6.3 സർക്കാർ ഇടപെടലിലൂടെ പൊതുജനങ്ങൾക്ക് സഹായ വിലയ്ക്കും വൻകിട നിർമ്മാണത്തിന് മാർക്കറ്റ് വിലക്കും മണൽ, കല്ല്

തുടങ്ങിയ അവശ്യ വസ്തുക്കൾ നീതിപൂർവ്വം ലഭ്യമാക്കാൻ കേരള മിനറൽ ഡവലപ്മെന്റ് കോർപ്പറേഷനെ സജ്ജമാക്കും.

6.6.4 നിർമ്മാണരംഗം നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ റിസർവ്വോയറിലെ മണൽ വാരൽ, പരിസ്ഥിതി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള ക്വാറികളുടെ പ്രവർത്തനം, ബദൽ സാമഗ്രികളുടെ ഉൽപ്പാദനം തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ഊർജ്ജ ഉപഭോഗം പരമാവധി കുറയ്ക്കുന്ന ഗ്രീൻ നിർമ്മാണ സാങ്കേതിക വിദ്യകൾക്ക് പ്രോത്സാഹനം നൽകും.

6.6.5 സിമന്റ്, കമ്പി, പെയിന്റുകൾ തുടങ്ങിയവയുടെ വിലകൾ ഏകപക്ഷീയമായി ഉയർത്തുന്ന കുത്തക നയങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കും.

6.6.6 കളിമൺ വ്യവസായത്തിനാവശ്യമായ ചെളി ഡാമുകളിൽനിന്നും മറ്റും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും. മേൽമണ്ണ് നഷ്ടപ്പെടാത്ത രീതിയിലും വയലുകളിൽ വെള്ളക്കെട്ട് ഒഴിവാക്കിയും പരിസ്ഥിതി സൗഹൃദമായി ഖനനം ചെയ്ത് ചെളി ലഭ്യമാക്കും. 2008 ന് മുൻപ് നികത്തപ്പെട്ട സ്ഥലങ്ങളിൽ ലഭ്യമായിട്ടുള്ള ചെളി വിദൂര സംവേദനം അടക്കമുള്ള സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി സർവ്വേ ചെയ്ത് കണ്ടെത്തുകയും പരിസ്ഥിതി സൗഹൃദമായി ശേഖരിച്ച് കളിമൺ വ്യവസായത്തിന് പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കും.

6.6.7 പ്രീഫാബ് നിർമ്മാണ സാങ്കേതിക വിദ്യ :-
പരമ്പരാഗത നിർമ്മാണ സാങ്കേതിക വിദ്യയെക്കാൾ ചെലവുകുറഞ്ഞതും നിർമ്മാണ പ്രവർത്തികൾ താരതമ്യേന ചുരുങ്ങിയ സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുന്നതുമായ പ്രീഫാബ് സാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം പ്രീഫാബ് ഉത്പാദിപ്പിക്കുന്ന സംരംഭങ്ങൾക്ക് പരമാവധി 10 ഏക്കർ വരെ സ്ഥലം നിലവിലെ പാട്ടനിരക്കിന്റെ 50 ശതമാനത്തിൽ 15 വർഷത്തേയ്ക്ക് നൽകും.

## 6.7 കൊച്ചിയിലെ പെട്രോക്കെമിക്കൽ കോംപ്ലക്സ്:

പ്ലാസ്റ്റിക്, പെയിന്റ്, കോട്ടിംഗ്സ്, പശകൾ, മഷികൾ, തുണിത്തരങ്ങൾ എന്നിവയുടെ നിർമ്മാണത്തിനുപകരിക്കുന്ന അക്രിലിക് ആസിഡ്, അക്രിലേറ്റ്സ് എന്നീ പ്രോപിലിൻ ഡെറിവേറ്റീവുകൾ ഉത്പാദിപ്പിക്കുന്ന ഒരു പെട്രോക്കെമിക്കൽ കോംപ്ലക്സ് കൊച്ചിയിൽ സ്ഥാപിക്കും. ഫാക്ടിൽ നിന്നും 600 ഏക്കർ സ്ഥലം ഏറ്റെടുത്ത് നിർമ്മിക്കുന്ന ഈ കോംപ്ലക്സിനാവശ്യമുള്ള അഞ്ചുലക്ഷം ടൺ പ്രൊപിലിൻ കൊച്ചിൻ റിഫൈനറിയുടെ വികസന പദ്ധതിയിലൂടെ ലഭ്യമാക്കും.

## 6.8 കയറ്റുമതി ആധാരമായ ഉത്പന്നങ്ങൾ:

സംസ്ഥാനത്തെ തുറമുഖങ്ങളെയും വിമാനത്താവളങ്ങളെയും ബന്ധപ്പെടുത്തി അന്തർദേശീയ വിപണിയെ ലക്ഷ്യമിട്ടുള്ള ഉദ്പാദനത്തിന് വഴിയൊരുക്കും. പ്രത്യേക സാമ്പത്തിക മേഖലകൾ, കയറ്റുമതി ആധാരമായ യൂണിറ്റുകൾ, ഡി.ജി.എഫ്.ടി. (Director General of Foreign Trade)

പദ്ധതികൾ ഉപയോഗപ്പെടുത്തുന്ന യൂണിറ്റുകൾ എന്നിവയെ സർക്കാരിന്റെ പ്രോത്സാഹന പദ്ധതികളുമായി ബന്ധപ്പെടുത്തും.

### 6.9 ട്രസ്റ്റ് സെക്ടർ

ഫൂട്ട്‌വെയർ വ്യവസായം, ആയുർവ്വേദം, റബ്ബർ, ജെം & ജുവലറി എന്നിവയെ ട്രസ്റ്റ് സെക്ടറിൽപ്പെടുത്തും.

## 7.0 സൂക്ഷ്മ ലഘു ഇടത്തരം സ്ഥാപനങ്ങൾ

### 7.1 സാമ്പത്തിക പ്രോത്സാഹനങ്ങൾ:

7.1.1 പീഢിത വ്യവസായ യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിലേയ്ക്കായി സർക്കാർ ഒരു പ്രത്യേക സപ്പോർട്ട് മെക്കാനിസം നടപ്പാക്കുന്നതാണ്. പ്ലാസ്റ്റിക് വേസ്റ്റ് റീസൈക്ലിംഗ്, ബയോ ഡിഗ്രേഡബിൾ പ്ലാസ്റ്റിക്, എം.എസ്.എം.ഇ. അടിസ്ഥാനമായ റിന്യൂവബിൾ എനർജി എന്നിവയ്ക്കുവേണ്ടി സംരംഭക സപ്പോർട്ട് സ്കീം നടപ്പാക്കുന്നതാണ്.

7.1.2 ചെറുകിട വ്യവസായങ്ങൾക്കുള്ള വായ്പകൾ സഹായ പലിശയ്ക്ക് ലഭ്യമാക്കുന്നതിലേയ്ക്കായി കേരള ഫിനാൻഷ്യൽ കോർപ്പറേഷനെ ഉപയോഗിക്കും.

7.1.3 മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം, സ്പോർട്സ് ഉൽപ്പന്ന ങ്ങളുടെ നിർമ്മാണം, പ്രിന്റിംഗ് ഉപകരണങ്ങളുടെ നിർമ്മാണം, ഫോട്ടോഗ്രാഫി & വീഡിയോഗ്രാഫി ഉപകരണങ്ങളുടെ നിർമ്മാണം എന്നിവയും മറ്റു സമാനമായ വിപണന സാധ്യത കൂടുതലുള്ള നിർമ്മാണ മേഖലകൾക്ക് പ്രോത്സാഹന സഹായം നൽകും.

7.1.4 പൂട്ടികിടക്കുന്ന വ്യവസായങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് അവയ്ക്ക് പ്രത്യേക ഊന്നൽ നൽകി അവരുടെ പുനർപ്ര വർത്തനത്തിനും / മറ്റു വൈവിധ്യമാർന്ന മേഖലകളിലേക്ക് പ്രവർത്തനം വിപുലീകരിക്കുന്നതിനുമുള്ള അവസരങ്ങൾ ഒരുക്കും.

### 7.2 ഗാർഹിക നാനോ സ്ഥാപനങ്ങൾ:

കുടുംബ ആസ്ഥാനത്തുവച്ചു നടത്താൻ സാധിക്കുന്ന ഒരു വികേന്ദ്രീകൃത ഉത്പാദന പരിപാടിയാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഫലമായി ജനങ്ങൾക്ക് വീടുകളിൽവച്ച് സൗകര്യമായ സമയങ്ങളിൽ കുടുംബാംഗങ്ങളെ അവഗണിക്കാതെ ജോലി ചെയ്യുന്നതിനുള്ള അവസരം ലഭ്യമാകും. ഗ്രാസ് റൂട്ട് തലത്തിൽ സംസ്ഥാനത്താകെ ഒരു വ്യവസായിക അന്തരീക്ഷം നിലനിർത്തുന്നതിന് ഇതുമൂലം സാധിക്കും. പാരിസ്ഥിതിക പ്രശ്നങ്ങൾ ഒരുപരിധിവരെ ഈ സംവിധാനത്തിലുണ്ടാകുന്നില്ലെന്നതാണ് മറ്റൊരു പ്രത്യേകത. ഒരു കേന്ദ്ര യൂണിറ്റിൽ നിന്നും അസംസ്കൃത പദാർത്ഥങ്ങൾ/ഘടകങ്ങൾ വിതരണം ചെയ്യാനും ഒരു ബ്രാൻഡിൽ ഉത്പാദനം വിറ്റഴിക്കാനും കഴിയും. 5 എച്ച്.പി. വരെ ഊർജ്ജത്തിന് ഗാർഹിക താരിഫ് മാത്രമായിരിക്കും ഈടാക്കുക. ഇത്തരം പരിസ്ഥിതി ദോഷമില്ലാത്ത ഗാർഹിക യൂണിറ്റുകളെ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസിൽ നിന്നും ഒഴിവാക്കുന്നതാണ്. ഇത്തരം യൂണിറ്റുകളുടെ ശൃംഖലകളെ നികുതി വലയിൽ നിന്നും പ്രത്യേകമായി ഒഴിവാക്കും.

7.3 **ഭക്ഷ്യോത്പാദന വ്യവസായങ്ങളും കൃഷി സംബന്ധിയായ വ്യവസായങ്ങളും:**

കൃഷി അടിസ്ഥാനപ്പെടുത്തിയുള്ള ഉത്പന്നങ്ങളുടെ താരതമ്യേന വലിയൊരു കമ്പോളം കേരളത്തിൽ നിലനിൽക്കുന്നുണ്ട്. ഗ്രാമീണ കേരളത്തിന്റെ ശരാശരി പ്രതിശീർഷ ഉപഭോഗ ധനവിനിയോഗം ഗ്രാമീണ ഇന്ത്യയുടെ ധനവിനിയോഗത്തിനേക്കാൾ ഏകദേശം ഇരട്ടിയാണ് (2010- 12 ൽ, നാഷണൽ സാമ്പിൾ സർവ്വെ കണക്കുപ്രകാരം). ഇതുവരെ വലിയൊരളവിൽ കേരളത്തിലെ ഉപഭോഗവസ്തുക്കളുടെ ചോദനം മറ്റു പലയിടത്തു നിന്നുമുള്ള ഇറക്കുമതിയിലൂടെയാണ് തൃപ്തിപ്പെടുത്തി പോന്നിട്ടുള്ളത്. കേരളത്തിലെ വ്യവസായങ്ങൾ, പ്രത്യേകിച്ച് ഭക്ഷ്യ-കൃഷി അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായങ്ങൾക്ക്, കേരളത്തിലെ ഈ കമ്പോളത്തെ മുതലെടുക്കാൻ കഴിയുന്ന തരത്തിൽ പദ്ധതികൾ വിഭാവനം ചെയ്യും. കേരളത്തിലെ പരമ്പരാഗത ഭക്ഷ്യ-കൃഷി അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായങ്ങളുടെയും വിനോദ സഞ്ചാരത്തിന്റെയും വളർച്ച തോളോടുതോൾ ചേർന്നാകണം. തന്മൂലം, സംസ്ഥാനത്തെ ഈ മേഖലകളെ ലോകവ്യാപകമായി അംഗീകരിക്കുന്ന സ്ഥാനത്തേക്ക് എത്തിക്കാൻ സാധിക്കുന്ന തരത്തിൽ തായ്‌ലന്റ്, മലേഷ്യ, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് കൃഷിയും കൃഷി അടിസ്ഥാന വ്യവസായങ്ങളും വിനോദസഞ്ചാരവും ഒരുമിച്ചുണ്ടാക്കിയ വിജയകരമായ പാഠങ്ങൾ പ്രയോജനപ്പെടുത്തും.

7.4 **ഇ-കോമേഴ്സ് പോർട്ടൽ:**

കരകൗശല വസ്തുക്കളുടെയും മറ്റു കേരള തനിമയാർന്ന ഉത്പന്നങ്ങളുടെയും വിപണനത്തിനായി വെർച്വൽ ഷോറൂം, അന്താ രാഷ്ട്ര നിലവാരമുള്ള കോമേഴ്സ് പോർട്ടലുകളുമായി ബന്ധിപ്പിച്ച് നടപ്പിലാക്കും. ദേശീയ അന്തർദേശീയ ട്രേഡ് ഫെയറിലും 'ബി-ടു-ബി' മീറ്റുകളിലും പങ്കെടുക്കുന്നതിന് എം.എസ്.എം.ഇ. കൾക്ക് സബ്സിഡിയും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതാണ്. കരകൗശല ഉത്പന്നങ്ങൾക്ക് പ്രത്യേക ബ്രാൻഡ് പേരുകൾ നൽകി വിപണനത്തിനായി നടപടി കൈക്കൊള്ളും.

7.5 **മൂല്യ താല്പര്യത:**

സർക്കാർ വകുപ്പുകളിലും പി.എസ്.യുകളിലുമുള്ള വാങ്ങലുകളിൽ (purchase) സംസ്ഥാനത്തിലെ സൂക്ഷ്മ-ചെറുകിട സ്ഥാപനങ്ങളിൽ നിർമ്മിക്കുന്ന ഉത്പന്നങ്ങൾക്ക് 15% വിലയിൽ മുൻഗണന അനുവദിക്കുന്നതാണ്.

7.6 **ചെറുകിട സംരംഭങ്ങൾക്ക് സമയാധിഷ്ഠിത ധനസഹായം:**

എം.എസ്.എം.ഇ. കളിലൂടെ സർക്കാർ വകുപ്പുകളിലും പി.എസ്.യു കളിലും ഉത്പന്നങ്ങൾ വാങ്ങുമ്പോഴും അവരുടെ സേവനം ലഭ്യമാകു മ്പോഴും അവ തൃപ്തികരമായി ലഭിച്ച് 45 ദിവസത്തിനുള്ളിൽ പേമെന്റ് നടത്തേണ്ടതാണ്. ഇതിലേയ്ക്കായി വ്യവസായ വാണിജ്യ വകുപ്പ്

ഡയറക്ടറുടെ കീഴിലുള്ള സംവിധാനം ശക്തിപ്പെടുത്തുന്നതാണ്.

### 7.7 വെണ്ടർ രജിസ്ട്രേഷൻ പദ്ധതികൾ:

എൻ.എസ്.ഐ.സിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സൂക്ഷ്മ-ചെറുകിട സ്ഥാപനങ്ങൾക്ക് ബിസിനസ് നടത്തുമ്പോൾ ഇടപാടു ചെലവുകൾ കുറയ്ക്കുന്നതിലേയ്ക്ക് സൗജന്യമായി ദർഘാസ് ഫോമുകൾ നൽകുന്നതും സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പർച്ചേസ് നടത്തുന്നതിന് നിരതദ്രവ്യത്തിൽ നിന്നും ഒഴിവാക്കുന്നതുമാണ്.

### 7.8 ഭാരത സർക്കാരിന്റെ വിവിധ പദ്ധതികളുമായി ബന്ധപ്പെടുത്തൽ:

ക്രെഡിറ്റ് ഗാരണ്ടി ഫണ്ട് ട്രസ്റ്റ് സ്കീം, ക്രെഡിറ്റ് ലിങ്ക്ഡ് കാപ്പിറ്റൽ സബ്സിഡി സ്കീം ഫോർ ടെക്നോളജി അപ്ഗ്രേഡേഷൻ, നാഷനൽ മാനുഫാക്ചറിംഗ് കോമ്പറ്റേറ്റീവ്നെസ് പ്രോഗ്രാം, മാർക്കറ്റിംഗ് അസിസ്റ്റൻസ് സ്കീം, ലീൻ മാനുഫാക്ചറിംഗ് സ്കീം തുടങ്ങി എം.എസ്.എം.ഇ. മന്ത്രാലയത്തിന്റെയും മറ്റ് മന്ത്രാലയങ്ങളുടെയും കീഴിൽ വരുന്ന പ്രോത്സാഹന പദ്ധതികളെ എം.എസ്.എം.ഇ. യുടെ ആനുകൂല്യത്തിനായി സൗകര്യപ്രദമാംവിധം ബന്ധിപ്പിക്കും. ഇത്തരം പദ്ധതികളുടെ ബോധവത്കരണത്തിനും ഭാരത സർക്കാർ സ്കീമുകളുടെയും പ്രോഗ്രാമുകളുടെയും നടത്തിപ്പ് നിരീക്ഷിക്കുന്നതിനുമായി വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ചെയർമാനായി ഒരു പ്രത്യേക സെൽ രൂപീകരിക്കുന്നതാണ്.

### 7.9 കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർ ഡവലപ്പ്മെന്റ് (KIED)

കേരളത്തിലെ വ്യവസായ മേഖലയ്ക്ക് ആവശ്യമായ വിധത്തിൽ ആധുനിക പരശീലനം നടത്തുന്നതിനും ഗവേഷണം നടത്തുന്നതിനും മറ്റുമുള്ള സ്ഥാപനമായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർ ഡവലപ്പ്മെന്റ് സ്ഥാപനത്തെ മാറ്റിയെടുക്കും.

## 8.0 വ്യാവസായിക ക്ലസ്റ്ററുകളുടെ വികസനം

8.1 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ നിക്ഷേപമൂല്യം കുറയ്ക്കുന്നതിനും മെച്ചപ്പെട്ട ബ്രാൻഡുകൾ ഉത്പാദിപ്പിച്ച് വിപണനരംഗത്ത് മത്സരിക്കുന്നതിനും വ്യാവസായിക ക്ലസ്റ്ററുകളുടെ രൂപീകരണം മൂലം സാധിക്കുന്നു.

8.2 ആകെ പദ്ധതി തുകയുടെ 20% വരെ എം.എസ്.ഇ.-സി.ഡി.പി. സ്കീമിൽ ഉൾപ്പെടുത്തി പൊതുഫെസിലിറ്റി കേന്ദ്രങ്ങൾ തുടങ്ങുന്നതിലേയ്ക്ക് മാച്ചിംഗ് സംഭാവനയായി നീക്കിവയ്ക്കുന്നതാണ്.

## 9.0 പരമ്പരാഗത വിഭാഗങ്ങൾ

പരമ്പരാഗത വ്യവസായങ്ങൾ ഉൽപാദിപ്പിക്കുന്ന വൈവിദ്ധ്യമേറിയ പുതിയ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഫലപ്രദമായ കച്ചവട വിതരണ തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിലേയ്ക്കായി പദ്ധതികൾ നടപ്പാക്കും. തൊഴിലാളികളെ പിരിച്ചുവിടാതെയും വ്യവസായത്തിന്റെ മൊത്തത്തിലുള്ള വിപുലീകരണത്തിലേക്കും ഓരോ തൊഴിലാളികളുടെയും മൂല്യവർദ്ധിത

ഉത്പാദനത്തിലേയ്ക്കും (Value Addition Per Worker) നയിക്കുന്ന തരത്തിൽ ആധുനികവത്കരണം പരമ്പരാഗത മേഖലയിൽ കൊണ്ടുവരും.

## 9.1 കൈത്തറി:

9.1.1 കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് ശമ്പളത്തിന് പുറമേ ആവശ്യമായ സാമ്പത്തിക സഹായവും സാമൂഹിക സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതാണ്. കൈത്തറി വിപണി വിപലപ്പെടുത്തും. കൈത്തറി ഉത്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്ന തരത്തിലുള്ള പരിപാടികൾ നടപ്പാക്കും. 8-ാം ക്ലാസ്സുവരെയുള്ള സ്കൂൾ കുട്ടികൾക്ക് യൂണിഫോം നിർമ്മിക്കുന്നതിന് കൈത്തറി തുണികൾ നല്കി ഈ മേഖലയ്ക്ക് ആശ്വാസം കണ്ടെത്തും

9.1.2 കൈത്തറി സഹകരണ സംഘങ്ങൾ പുന:സംഘടിപ്പിക്കുകയും ബലപ്പെടുത്തുകയും ചെയ്ത് നെയ്ത്തുകാരുടെ നില ഭദ്രമാക്കും. കൈത്തറി ഉത്പന്നങ്ങൾ ബ്രാൻഡു ചെയ്ത് വിപണന സാദ്ധ്യത വർദ്ധിപ്പിക്കും. അസംസ്കൃത വസ്തുക്കൾ സൗജന്യ നിരക്കിൽ സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്യാനുള്ള യത്നങ്ങൾ ആരംഭിക്കും. ഹാൻവീവിന്റെയും ഹാന്റക്സിന്റെയും ഉത്പാദനശേഷി വർദ്ധിപ്പിക്കും.

9.1.3 വ്യാപന-സമ്പർക്ക പരിപാടികളിലൂടെ തൊഴിൽ വൈദഗ്ധ്യം, അറിവ്, സാങ്കേതികത എന്നിവ മെച്ചപ്പെടുത്തുന്നതിനും ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തുക, കഴിവ് വർദ്ധിപ്പിക്കുക, ഉത്പാദന വർദ്ധനവ് എന്നിവ നടപ്പാക്കുന്നതിനും സാധിക്കും.

9.1.4 ദേശീയ അന്തർദേശീയ വിപണന കേന്ദ്രങ്ങളിൽ മത്സരിക്കുന്നതിനും ആഗോളതലത്തിൽ പ്രശസ്തി നേടത്തക്ക ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനും നെയ്ത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനും, കൈത്തറി വ്യവസായ മേഖലകളിൽ നെയ്ത്തുകാർ കൂടുതൽ അധിവസിക്കുന്ന സംയോജിത മേഖലകളിൽ 'ഇന്റഗ്രേറ്റഡ് കൈത്തറി ഗ്രാമം' എന്ന ആശയം നടപ്പിലാക്കും.

9.1.5 കൈത്തറി റിബേറ്റ് കേരളത്തിൽ നിന്നും ഉൽപാദിപ്പിക്കുന്ന കൈത്തറി തുണികൾക്ക് മാത്രമായി പരിമിതപ്പെടുത്തി യഥാസമയം തന്നെ റിബേറ്റ് തുക സ്ഥാപനങ്ങൾക്ക് അനുവദിക്കുകയും ചെയ്യും.

9.1.6 പരമ്പരാഗത കൈത്തറി ടെക്സ്റ്റൈൽ മേഖലയുടെ വളർച്ചയ്ക്ക് പര്യാപ്തമാകുന്ന വിധത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി (ഐ.ഐ.എച്ച്.ടി) യെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തും.

## 9.2 ഖാദി ഗ്രാമീണ വ്യവസായം:

9.2.1 പ്രശസ്ത ഡിസൈനർമാരുടെയോ അത്തരം സ്ഥാപത്തിന്റെയോ സഹായത്താൽ ഖാദി-ഗ്രാമ വ്യസായത്തിന്റെ കീഴിൽ അലങ്കാരവസ്തുക്കൾ ഉണ്ടാക്കുന്നതിന് (Niche Products) നൂതന പരിപാടികൾ ആവിഷ്ക്കരിക്കും.

9.2.2 കേരളാ ഖാദി ഗ്രാമ വ്യവസായ മേഖലയുടെ നിലനിൽപും പ്രോത്സാഹനവും പരിപോഷണവും ലഭ്യമാക്കി ഖാദിയുടെ തത്വത്തിലൂന്നി ആകാവുന്ന മേഖലകളിൽ സെമി ഓട്ടോമേഷൻ ഏർപ്പെടുത്തി തൊഴിൽ അനായാസകരമാക്കുകയും ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യും. ഇതുവഴി തൊഴിലാളികൾക്ക് മിനിമം കൂലി വർദ്ധിപ്പിക്കും. ഖാദി ഉൽപ്പന്നങ്ങൾക്ക് ഗുണനിലവാരം ഉറപ്പാക്കി പ്രത്യേക ബ്രാന്റിംഗ് ഏർപ്പെടുത്തും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി പദ്ധതികൾക്ക് രൂപം നൽകും. ഖാദി മേഖലയിൽ റിബേറ്റ് തുക കേരളത്തിലെ ഖാദി ഉല്പന്നങ്ങൾക്ക് പ്രധാന്യം നൽകി യഥാസമയം അനുവദിക്കും.

## 9.3 കരകൗശല മേഖല:

9.3.1 കരകൗശല വിഭാഗങ്ങളെ ശൃംഖല രൂപത്തിൽ ബന്ധപ്പെടുത്തി ശക്തിപ്പെടുത്തും. ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് സേവനീർ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്തുകയും വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട് ആനുകൂല്യ ങ്ങളും ഇളവുകളും നേടുന്ന ഹെറിറ്റേജ് ഹോട്ടലുകളും പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങൾ കുറഞ്ഞ തോതിലെങ്കിലും നിർബന്ധമാക്കും.

9.3.2 കരകൗശല വിദഗ്ധരെ ഉത്പാദകരാക്കി മാറ്റാനുള്ള 'ആഷാ' (ASHA) പദ്ധതി നടപ്പാക്കും. ഈ പദ്ധതിയിലൂടെ വർക്ക്ഷെഡ്, ഉപകരണങ്ങൾ എന്നിവ നവീകരിക്കുന്നതിനും പുതിയ ടെക്നോളജി/ ഡിസൈനിൽ മതിയായ പരിജ്ഞാനം ലഭ്യമാക്കുന്നതിനും കൂടാതെ ഇവയ്ക്കായി സാമ്പത്തിക സഹായങ്ങളും ലഭ്യമാക്കും. കരകൗശല മേഖലയിൽ ഇന്റഗ്രേറ്റഡ് ഹാന്റിക്രാഫ്റ്റ് ഡവലപ്പ്മെന്റ് പദ്ധതിയിൽപ്പെടുത്തി സംഘടിത-അസംഘടിത മേഖലയിലെ കരകൗശല തൊഴിലാളികൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകും. ജസ്റ്റിസ് ശങ്കരൻ കമ്മിറ്റി റിപ്പോർട്ടിൻ മേൽ ആവശ്യമായ തീരുമാനങ്ങൾ എടുക്കും. കരകൗശല മേഖലയിലെ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തും.

## 9.4 മുള:

അസംസ്കൃത മുളയിൽ നിന്നും ഈറ്റയിൽ നിന്നും വിവിധ ഉൽപന്നങ്ങൾ വ്യവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനു പ്രോത്സാഹനം നൽകും. മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിന് ആധുനിക സാങ്കേതിക സഹായം നൽകും. കേരള സ്റ്റേറ്റ് ബാംബൂ മിഷൻ മുള, ഈറ, ചൂരൽ എന്നിവയെ അടിസ്ഥാനമാക്കിയുള്ള വ്യവായയത്തെ പരിപോഷിപ്പിക്കും. വീടു നിർമ്മിതിക്കും ഫർണിച്ചർ ഉണ്ടാക്കുന്നതിനും മറ്റ് ഉൽപ്പന്നങ്ങൾക്കുമുള്ള മുളയുടെ ഉപയോഗം വർദ്ധിപ്പിക്കും. മരത്തിനു പകരം മുള എന്ന സമീപനത്തെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വ്യപകമായി മുള വച്ചുപിടിപ്പിക്കും.

## 10.0 പൊതുമേഖലാ സ്ഥാപനങ്ങൾ

10.1 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭമുണ്ടാക്കുന്ന സംരംഭങ്ങൾ മാത്രമായി ചുരുങ്ങാതെ സ്വകാര്യ മേഖലയിലെ ഉയർന്ന സാങ്കേതികവിദ്യയുള്ള വ്യവസായങ്ങളെ സഹായിക്കുന്ന തരത്തിലുള്ള ചുമതലകൾ ഏറ്റെടുക്കാൻ കഴിയുന്ന രീതിയിൽ പൊതുമേഖലാ സ്ഥാപനങ്ങളെ മാറ്റിയെടുക്കേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയുമായി പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ബന്ധത്തിന്റെ തീവ്രത വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിനായി കേരളത്തിൽ നിന്നുതന്നെ അസംസ്കൃത വസ്തുക്കൾ ശേഖരിക്കുകയും താഴെതട്ടിൽ വ്യവസായങ്ങൾ രൂപീകരിക്കുന്നതിന് സഹായിക്കുയും ചെയ്യുന്ന രീതിയിലുള്ള പദ്ധതികൾക്ക് ആരംഭം കുറിക്കും.

10.2 സർക്കാരിന്റെ ഒരു പ്രധാന ശ്രദ്ധാകേന്ദ്രമാണ് പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനവും പുനരുജ്ജീവിപ്പിക്കലും. പൊതു മേഖലാ സ്ഥാപനങ്ങളുടെ പൊതുവായ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിലേയ്ക്ക് പ്രൊഫഷണൽ മാനേജർമാരെ നിമയിക്കും. ഒരു സ്ഥിരമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ സെലക്ഷൻ ബോർഡ് രൂപീകരിച്ച് സുതാര്യരീതിയിൽ ഉയർന്ന മാനേജ്മെന്റ് സ്ഥാപനങ്ങളിലുള്ളവരെ തെരഞ്ഞെടുക്കും. ഒരേ തരത്തിലുള്ള ഉത്പ്പന്നങ്ങൾ നിർമ്മിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംയോജിപ്പിച്ച് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തും.

10.3 മുഴുവൻ പൊതുമേഖലയും ലാഭത്തിലാക്കുന്നതിനുള്ള നടപടികൾ തുടങ്ങും.

10.4 സ്വന്തം ലാഭം ഉപയോഗിച്ച് ഓരോ പൊതുമേഖലാ സ്ഥാപനവും വിപുലീകരണം നടത്തും. മലബാർ സിമന്റ്സ് ഉൽപ്പാദനം ഇരട്ടിയാക്കും. ട്രാവൻകൂർ സിമന്റ്സിൽ ഗ്രേസിമന്റ് ഉല്പ്പാദനം തുടങ്ങും. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിന്റെ ഉല്പ്പാദനം ഇരട്ടിയാക്കും. ഓപ്പൺ ആക്സസ് മുഖാന്തിരം വൈദ്യുതി നൽകുന്നതിനുള്ള നടപടി കൈക്കൊള്ളും.

10.5 അസംസ്കൃത വസ്തുക്കളുടേയും വിപണിയുടേയും ലഭ്യതക്കനുസരിച്ച് പൊതുമേഖലാ വ്യവസായങ്ങൾ ഇതര സംസ്ഥാനങ്ങളിലേയ്ക്കും വിദേശരാജ്യങ്ങളിലേയ്ക്കും വ്യാപിപ്പിക്കും.

10.6 അസംസ്കൃത വസ്തുക്കളുടെ വാങ്ങലിനും ഉൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്കും പൊതു മാനദണ്ഡങ്ങൾ ഏർപ്പെടുത്തും.

10.7 ബോർഡുകളിൽ സാങ്കേതിക വിദഗ്ധർക്കും തൊഴിലാളികൾക്കും പങ്കാളിത്തം നൽകും.

10.8 ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ സമ്പ്രദായം സ്ഥാപനത്തിന്റെ ലാഭം കൂടി പരിഗണിച്ച് നടപ്പിലാക്കും

10.9 വിവിധ വകുപ്പുകൾക്ക് ആവശ്യമായ ഉൽപ്പന്നങ്ങൾ പൊതുമേഖലാ വ്യവാസായ സ്ഥാപനങ്ങളിലൂടെ നിർമ്മിച്ച് നൽകുവാൻ നടപടി സ്വീകരിക്കും

10.10 കേരളത്തിലെ വ്യവസായ വികസനത്തിന് ആക്കം കൂട്ടുന്നതിന്റെ ഭാഗമായി വ്യവസായ വികസനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും കാര്യക്ഷമതയും, മാനവ വിഭവ ശേഷിയും വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ആഗോളതലത്തിൽ മാനേജ്മെന്റ് രംഗത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന പുത്തൻ മാറ്റങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുവാൻ പ്രാപ്തമാക്കത്തക്കവിധത്തിൽ ജീവനക്കാരുടെ കാര്യശേഷിവർദ്ധിപ്പിക്കുന്നതിനും ജോലിയോടുള്ള അനുകൂല മനോഭാവം അവരിൽ വളർത്തിക്കൊണ്ടുവരികയും ചെയ്യുന്നതരത്തിലുള്ള പരിശീലന പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ ഭാഗമായി വ്യവസായ വികസനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലെയും പ്രധാന ഉദ്യോഗസ്ഥർക്കായി അവരുടെ കാര്യശേഷി കൂട്ടുന്നതിനായുള്ള വിദഗ്ദ്ധ പരിശീലന പരിപാടികൾ നടത്തുന്നതാണ്. ഇതിലേക്കായി ഒരു സിലബസ്സ് തയ്യാറാക്കി പരിശീലന പരിപാടികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

10.11 **കേന്ദ്ര പൊതുമേഖല:** സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങളുടെ നവീകരണത്തിനും വികസനത്തിനും കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങളും തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുകയും ചെയ്യും. അടച്ചുപൂട്ടുവാൻ തീരുമാനിച്ചിട്ടുള്ള കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഇൻസ്ട്രമെന്റേഷൻ ലിമിറ്റഡ്, BHEL - EML, HNL എന്നീ സ്ഥാപനങ്ങളെ ഏറ്റെടുക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടു പോകും.

## 11.0 സംരംഭക വികസനങ്ങൾ

### 11.1 സ്റ്റാർട്ട്-അപ്പുകൾ :

11.1.1 കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവല്മെന്റ് കോർപ്പറേഷനെ ഒരു അംബ്രല സ്ഥാപനമാക്കിമാറ്റി എല്ലാ മേഖലയിലെയും ഉപഭോക്തൃ സംരംഭകത്വ വികസനത്തിന് സഹായകരമാക്കും. അത് ഐടി ഇതര മേഖലയ്ക്ക് ഒരു പ്രേരകശക്തിയായി മാറും. വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് സ്റ്റാർട്ട്-അപ്പുകൾ സഹായകമായ രീതിയിൽ നോളഡ്ജ്-ഹബ്-ഇൻകുബേറ്റർ രൂപീകരിക്കും. നവീന ആശയങ്ങൾ/ സ്റ്റാർട്ട്-അപ്പുകൾ അവതരിപ്പിക്കുന്ന യുവതൊഴിൽ സംരംഭകർക്ക് സീഡ് ഫണ്ട് സഹായങ്ങൾ കെ.എസ്.ഐ.ഡി.സി നൽകും. ഒരു പദ്ധതിക്ക് 25 ലക്ഷം അല്ലെങ്കിൽ പ്രോജക്ട് തുടങ്ങാൻ ആവശ്യമുള്ളതിന്റെ 90 ശതമാനവും ഏതാണോ കുറവ് ആയിരിക്കും നൽകുക. അവർക്കായി പ്രത്യേക പരിപാടികൾ സംഘടിപ്പിക്കും. കൂടാതെ സ്റ്റാർട്ട് അപ്പ് ഇന്ത്യയുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾക്ക് കേന്ദ്രസർക്കാർ നൽകിയ ഇളവിനു പുറമേ സംസ്ഥാനത്ത് ഒരു വർഷം കൂടി ഇളവ് നൽകും.

11.1.2 വ്യവസായ മേഖലയിലെ സംരംഭകർക്ക് തങ്ങളുടെ വ്യവസായങ്ങളിൽ നിന്നും വിരമിക്കുമ്പോൾ പെൻഷൻ നൽകുന്നതിനായി ഒരു ട്രെസ്റ്റ് രൂപീകരിച്ച് കോൺട്രിബ്യൂഷൻ പെൻഷൻ സ്കീം തുടങ്ങുന്നതിനായി ഉദ്ദേശിക്കുന്നു.

11.1.3 ഭിന്നലിംഗക്കാർക്കും, വിത്യസ്ത കഴിവുകളുള്ളവരുടെ സംരംഭങ്ങൾക്കും കൂടുതൽ പ്രോത്സാഹനം നൽകും. കൂടാതെ ഇവർക്ക് അവസരങ്ങൾ നൽകുന്ന യൂണിറ്റുകൾക്കും മുൻഗണന നൽകും.

## 11.2 വനിതാസംരംഭങ്ങൾ

"വിമൻ എന്റർപ്രണർഷിപ്പ് മിഷൻ" (WE Mission) സംസ്ഥാനത്തെ വനിതകളുടെ തൊഴിൽ സംരംഭക പരിപാടികൾക്ക് ഊർജ്ജം നൽകുകയും കൂടുതൽ പേരെ ഈ മേഖലയിലേക്ക് കൊണ്ടുവരുന്നതിനും നിലവിലുള്ളവർക്ക് വേണ്ട പ്രചോദനം നൽകുന്നതിനും സഹായിക്കുകയും ചെയ്യും. അവരുടെ സംരംഭങ്ങളുടെ പ്രവർത്തനങ്ങളിൽ തുടർച്ചയായ നിരീക്ഷണം, വിജയകരമായി പ്രവർത്തിക്കുന്ന യൂണിറ്റുകളിൽ മറ്റുള്ളവർക്കുള്ള സന്ദർശനം, തുടക്കക്കാർക്ക് ധനഹായം ലഭ്യമാകുന്നതിനും സംരംഭങ്ങളുടെ ആസൂത്രണത്തിൽ സഹായം കൂടാതെ ദേശീയ-അന്തർദേശീയ ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുന്നതിനും വിപണിയായി ബന്ധപ്പെടുന്നതിനും ഈ മിഷൻ മാർഗ്ഗനിർദ്ദേശം നൽകും. വ്യവസായ പാർക്കുകളിൽ നിശ്ചിത ശതമാനം സംവരണം സ്ത്രീകൾക്ക് ഉറപ്പാക്കാം.

## 12.0 പ്രവാസികളായ കേരളീയർ

12.1 ലോകത്ത് ഏറ്റവും വലിയ പ്രവാസി സമൂഹമുള്ള രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. ലോകത്ത് ഏറ്റവും കൂടുതൽ പ്രവാസി പണം (Worker's Remittances) വരുന്ന രാജ്യമാണ് ഇന്ത്യ. 2015 ൽ ഇന്ത്യ കൈപ്പറ്റിയ പ്രവാസികളുടെ പണം 68910 മില്ല്യൺ ഡോളറായിരുന്നു. ഇത് മൊത്ത ആഗോള പ്രവാസിപണത്തിന്റെ 12.45 ശതമാനം വരും. ലോകത്തിലെ മറ്റു രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യയുടെ ഈ വരുമാനം ഏറെ വലുതാണെന്ന് കാണാം. രാജ്യത്തിന്റെ വിദേശ നാണയ വരവ് വർദ്ധിപ്പിക്കുന്നതിന് ഈ മേഖലയെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

12.2 പ്രവാസികളിൽ നല്ലൊരു പങ്കും നാട്ടിലേക്ക് തിരിച്ച് വരുന്നത് ഉപജിവനത്തിനുവേണ്ടി തുടർന്നും അധ്വാനിക്കാൻ നിർബന്ധിക്കപ്പെടുന്ന അവസ്ഥയിലാണ്. നല്ല സമ്പാദ്യത്തോടുകൂടി തിരിച്ച് വരുന്നവരിലും വിശ്രമത്തിനുപകരം കർമ്മനിരതരായി തുടരാൻ ആഗ്രഹിക്കുന്നവർ ധാരാളമാണ്. പുറംനാടുകളിൽ നിന്നും ആർജ്ജിച്ച സമ്പാദ്യവും, സാങ്കേതിക വിജ്ഞാനവും, തൊഴിൽ നൈപുണ്യവുമാണ് പുനരധിവാസത്തിനു അവസരം അന്വേഷിക്കുന്നവരുടെ കൈമുതൽ. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ചു ഉയർന്ന കൂലി നിരക്കുകളും, വിദഗ്ദ്ധ തൊഴിലാളികളുടെ ക്ഷാമവും അനുഭവപ്പെടുന്ന കേരളത്തിലെ തൊഴിൽ സേനയിലേക്കുള്ള പുനപ്രവേശനം പലർക്കും അസാധ്യമല്ല. കൃഷി അനുബന്ധ മേഖലകൾ, വ്യവസായം, സേവനം തുടങ്ങി മിക്ക മേഖലകളിലും ഭൂമിയുടെ വിലയും, കെട്ടിടങ്ങളുടെ വാടകയും ബന്ധപ്പെട്ട ചെലവുകളും പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പ്രവാസികളുടെ നിക്ഷേപം ഉപയോഗപ്പെടുത്തുന്നതിനും അവരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിനും ഭൂമിയുടെ അമി

തമായ വിലയുടെയും, ഉയർന്ന വാടകയുടെയും പ്രശ്നം പരിഹരിക്കുക പ്രധാനമാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ വ്യവസായ വിവരസാങ്കേതിക വിദ്യ, ജൈവസാങ്കേതിക വിദ്യ, കാർഷിക സംസ്കരണ പാർക്കുകൾ തുടങ്ങിയവയെ പ്രയോജനപ്പെടുത്തും.

12.3 വിദേശത്ത് വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ നടത്തുന്നവർക്ക് ചില മേഖലകളിലെങ്കിലും വിദഗ്ദ്ധരായ പ്രവാസികളെ നിയോഗിക്കാൻ കഴിഞ്ഞേക്കും. ഇത്തരം മേഖലകൾ കണ്ടെത്തി അതിനാവശ്യമായ നൈപുണ്യ വികസനം ഉറപ്പാക്കാനുള്ള ഇടപെടലുകൾ പരിശോധിക്കേണ്ടതുണ്ട്. അതോടൊപ്പം ഇവർ പ്രവർത്തിക്കുന്ന മേഖലകളിൽ കേരളത്തിലുള്ള വ്യവസായ വാണിജ്യ സ്ഥാപനങ്ങളുമായി കൈകോർത്ത് പ്രവർത്തിക്കാനാകുന്ന സാഹചര്യവും ഉപയോഗപ്പെടുത്തണം. അറിവും അനുഭവജ്ഞാനവുമുള്ള പ്രൊഫഷണലുകളെ കേരളത്തിലെ സ്ഥാപനങ്ങളിൽ ഹൃസ്വകാല കരാർ വ്യവസ്ഥയിൽ വ്യക്തമായ മേഖലകളിൽ ലഭ്യമാക്കുന്നത് പരിഗണിക്കും.

12.4 എൻ.ആർ.ഐകൾ (NRIs) വിദേശത്തു നിന്നും വരുമ്പോൾ അവർക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും അവരുടെ പുനരധിവാസം പരിശീലനം എന്നിവയ്ക്കും വേണ്ട എല്ലാ സഹായങ്ങളും നൽകുന്നതാണ്. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ 5% ഇവർക്കായി സംവരണം ചെയ്തിട്ടുണ്ട്.

## 13.0 വൈദഗ്ധ്യ വികസനം

13.1 യുവ സംരംഭകർക്കെല്ലാം സർക്കാർ മേഖലയിൽ അവസരങ്ങൾ ഒരുക്കാൻ സാധ്യമല്ലല്ലോ. അതിനാൽ സ്വകാര്യ മേഖലയിലും വേണ്ട അന്തരീക്ഷം സൃഷ്ടിക്കേണ്ടിയിരിക്കുന്നു. വ്യവസായനയത്തിന്റെ പ്രധാന ലക്ഷ്യം തന്നെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് സ്കിൽ ഡവലപ്മെന്റ്, കരിയർ ഗൈഡൻസ് എന്നിവ വഴി 10 ലക്ഷം പുതിയ തൊഴിലവസരങ്ങൾ നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കും

13.2 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉപഭോക്തൃ സംരംഭകത്വ ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബുകൾ) ആരംഭിക്കുക വഴി യുവാക്കളെ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലുള്ള ഇൻകുബേറ്റർ കേന്ദ്രങ്ങളും സ്റ്റാർട്ടപ്പുകളും പ്രയോജനപ്പെടുത്തുന്നതിന് പ്രാപ്തരാക്കും.

വ്യവസായിക സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ഒത്തുചേർന്ന് വിദ്യാഭ്യാസവും ഗവേഷണവും വ്യവസായവുമായി കേന്ദ്രീകരിച്ച് നടത്തേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലബോറട്ടികൾ എൻ.എ.ബി.എൽ അക്രഡിറ്റേഷൻ നേടിയാൽ പരസ്പരം ഉപയോഗിക്കാനുള്ള സൗകര്യം ഉണ്ടാകും. സാങ്കേതിക സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്ക് വ്യവസായിക കൺസൾട്ടിംഗ് ഏറ്റെടുക്കുകവഴി അവരുടെ സാങ്കേതിക വൈദഗ്ധ്യം പ്രയോജനപ്പെടുത്തുന്നതിനും അവരുടെ ക്ലാസുകൾ ഇൻഡസ്ട്രി അടിസ്ഥാനപ്പെടുത്തിയും ആയിത്തീരും. ഇത് വിദ്യാർത്ഥികൾക്ക് വ്യവസായത്തെപ്പറ്റി കൂടുതൽ അറിവ് സമ്പാദിക്കുന്നതിനുള്ള അവസരമാകും.

## 14.0 നിക്ഷേപ പ്രോത്സാഹനം

14.1 നിലവിലുള്ള വ്യവസായ നിക്ഷേപകരിൽ നിന്ന് ബെസ്റ്റ് അംബാസിഡർമാരെ അംഗീകരിക്കുക വഴി മറ്റുള്ളവരുടെ സേവനങ്ങൾക്ക് ഗവൺമെന്റ് മുൻതൂക്കം നൽകും.

14.2 നിക്ഷേപകരുടെ സംരക്ഷണത്തിനായി സെക്രട്ടറിമാർ അടങ്ങിയ ഒരു കമ്മിറ്റി ചീഫ് സെക്രട്ടറിയുടെ കീഴിൽ രൂപീകരിക്കുന്നതാണ്. ഈ കമ്മിറ്റി നിക്ഷേപകരുടെ പരാതി നിശ്ചിത സമയത്തിനുള്ളിൽ പരിഗണിക്കുന്നതാണ്. ഇതുവഴി അവരുടെ മനോധൈര്യം വർദ്ധിക്കുന്നതിന് വഴിയൊരുക്കും.

14.3 വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും അനുമതികൾ ലഭ്യമാക്കുന്നതിന് വകുപ്പുകളുടെ അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാ ഫോറം രൂപീകരിച്ചിട്ടുണ്ട്. ഈ സംവിധാനം നിലവിൽ വരുന്നതോടെ അപേക്ഷകർക്ക് ഓരോ വകുപ്പുകളിലേയ്ക്കും പ്രത്യേകം അപേക്ഷാ ഫോറങ്ങൾ നൽകാതെ ഏകീകൃത അപേക്ഷയിലൂടെ വളരെ ലളിതമായി അനുമതികൾക്ക് അപേക്ഷിക്കാൻ സാധിക്കും. പ്രസ്തുത അപേക്ഷാ ഫോറങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ സുതാര്യമായും. സമയബന്ധിതമായും നൽകുന്നതിനുള്ള ഓൺലൈൻ സംവിധാനമായ KSWIFT (Kerala Single Window Interface for Fast and Transparent Clearance.) ഏർപ്പെടുത്തും.

14.4 കേരളത്തിലെ അർബൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കെട്ടിട നിർമ്മാണ അനുമതികൾ ഓൺലൈനായി ലഭ്യമാക്കും. ബിൽഡിംഗ് പ്ലാൻ അപേക്ഷകൾ അനുബന്ധ രേഖകൾ തുടങ്ങിയവ ഓൺലൈനായി സമർപ്പിക്കുവാൻ സാധിക്കുന്നതരത്തിൽ പദ്ധതികൾ ആവിഷ്കരിക്കും. പ്രസ്തുത പദ്ധതികൾ കേരളത്തിലെ വ്യവസായ സംരംഭകർക്കും, നവ സംരംഭകർക്കും അനായാസം നിക്ഷേപം നടത്തുവാനും കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാനും കഴിയും.

## 15.0 വാണിജ്യവും സേവനവും

15.1 വാണിജ്യവും സേവനവും ചേർന്നതിനെ ത്രസ്റ്റ് സെക്ടർ ഇൻഡസ്ട്രിയായി പരിഗണിക്കുന്നു. ചെറുകിട വ്യാപാര (റീട്ടെയിൽ) മേഖലയേയും ശക്തിപ്പെടുത്തേണ്ടതുണ്ട്. വ്യാപാരി സൗഹൃദ സമീപനം സ്വീകരിക്കുന്നതോടൊപ്പം ട്രൈബ്യൂണൽ കേസുകൾക്ക് ത്വരിത ഗതിയിൽ തീർപ്പുണ്ടാക്കും. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീട്ടെയിൽ മാനേജ്മെന്റ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കും.

15.2 **'വാണിജ്യമിഷൻ'** രൂപീകരിക്കും. അതിന്റെ പ്രധാന ഉദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

15.2.1 സംസ്ഥാനത്തെ ചെറുകിട വ്യാപാരമേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക. ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക

15.2.2 ഭാരതത്തിലും വിദേശങ്ങളിലുമായി നടക്കുന്ന മേജർ ടെക് ഫെയറുകളിൽ സംസ്ഥാനത്തു നിന്നും സംരംഭക പ്രതിനിധികളെ പങ്കെടുക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക.

15.2.3 കേരളത്തിലെ നിക്ഷേപകർ/സംരഭകർക്ക് ദേശീയ അന്തർ ദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക. ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നൽകി ബിസിനസ്സ് ബന്ധം സ്ഥാപിക്കുക.

15.2.4 ദേശീയ അന്തർദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക.

15.2.5 ഭക്ഷ്യ സംസ്ക്കരണം, കൈത്തറി, വസ്ത്രം, കരകൗശല സാധനങ്ങൾ, തടി ഫർണിച്ചർ, ബാബു ഉത്പന്നങ്ങൾ, കേരള സോപ്സ് എന്നിവയുടെ വിപണനം പ്രമോട്ട് ചെയ്യുന്നതിന് ഓരോ വിഭാഗത്തിലും സംസ്ഥാനതലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക.

15.2.6 പ്രോജക്ട് കൺസൾട്ടൻസി തുടങ്ങുക

15.2.7 വിദേശ നിക്ഷേപങ്ങൾക്ക് ഫെലിസിറ്റേഷൻ സേവനങ്ങൾ നടത്തുക

15.2.8 വാണിജ്യ മേഖലയിലെ വൈദ്യുത ഉപയോഗത്തിന്റെ നിലവിലെ നിരക്കുകൾ സർക്കാർ പുനർപരിശോധിക്കും.

15.2.9 മൊത്ത വ്യാപാരികൾക്കും, ചില്ലറ വ്യാപാരികൾക്കും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും അവാർഡുകൾ നൽകുവാനുള്ള നടപടി സ്വീക രിക്കും.

15.2.10 വാണിജ്യ സേവന മേഖലയുടെ വളർച്ചക്കായി സർക്കാർ ഒരു ട്രേഡ് പ്രൊമോഷൻ കൗൺസിൽ രൂപീകരിക്കും.

15.3 സംസ്ഥാനത്തെ 14 ജില്ലകളിലും സർക്കാർ തലത്തിൽ വ്യവസായ മേളകൾ സംഘടിപ്പിക്കും. പ്രാദേശിക വിഭവങ്ങൾക്ക് ഓരോ വിഭാഗത്തിനും പ്രത്യേക മേളകൾ വഴി മൂല്യവർദ്ധന ലഭ്യമാക്കും. വനിതാ സംരംഭകർക്ക് ഈ മേളകളിൽ പ്രത്യേക സ്ഥലം അനുവദിക്കുന്നതിന് മുൻഗണന നൽകും.

## 16.0 സുഗമമായ വ്യവസായ സംരംഭവും ഏക ജാലക സംവിധാനവും

16.1 വൈറ്റും ഗ്രീനും വിഭാഗങ്ങൾ തരംതിരിക്കുന്നതിന് സ്വയം സാക്ഷ്യപ്പെടുത്തുന്ന വ്യവസ്ഥ ഏർപ്പെടുത്തുന്നതിനെപ്പറ്റി ആലോചിക്കും.

16.2 തേഡ് പാർട്ടി സർട്ടിഫിക്കേഷൻ സംസ്ഥാനത്തിൽ ഒരു സംരംഭം തുടങ്ങുന്നതിന് പരിഗണിക്കും.

16.3 ക്ലിയറൻസിന് ഏറ്റവും കൂടുതൽ 30 ദിവസം എന്ന ആശ്രയം നടപ്പാക്കും.

16.4 നിക്ഷേപകരുടെ അപേക്ഷയിന്മേൽ നടത്തേണ്ട നടപടിക്രമങ്ങൾ മുൻകൂട്ടി പ്രസിദ്ധപ്പെടുത്തും.

16.5 ആരംഭത്തിൽ അനുവദിക്കുന്ന ലൈസൻസ് കാലാവധി എല്ലാ വകുപ്പുകൾക്കും 5 വർഷം എന്ന് നിജപ്പെടുത്തുന്നതിലേക്കായി നടപടി കൈക്കൊള്ളും.

16.6 ഓരോ വകുപ്പുകളിൽ നിന്നും ലഭ്യമാകുന്ന ലൈസൻസ് 'റൈറ്റ് ടു സർവ്വീസസ്' ആക്ടിനു വിധേയമായിരിക്കണം.

16.7 സർട്ടിഫിക്കറ്റ് വാലിഡേഷൻ, അപ്രൂവൽ തുടങ്ങിയ എല്ലാ വിവരങ്ങളും വെബ് പോർട്ടലിൽ നൽകും.

16.8 കേരള സ്റ്റേറ്റ് സിങ്കിൾ വിൻഡോ ക്ലിയറൻസ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ആക്ട് 1999 വിപുലീകരിച്ച് ഓൺ ലൈൻ ക്ലിയറൻസ് മെക്കാനിസം തുടങ്ങും.

16.9 ഏകജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിന് വിവിധ വകുപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് കെ.എസ്.ഐ.ഡി.സി.യെ നോഡൽ ഏജൻസിയായി നിയോഗിക്കും. കൂടാതെ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ, പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റ് എന്നിവ രൂപീകരിക്കുന്നതിനും വിഭാവന ചെയ്തിട്ടുണ്ട്.

16.10 ഈ സംവിധാനം ജില്ലാതലത്തിൽ പ്രയോഗികമാക്കുന്നതിനായി ജില്ലാകളക്ടർ തലവനായി വിവിധ വകുപ്പുകളിലെ പ്രതിനിധി, ഉദ്യോഗസ്ഥൻമാർ ഉൾപ്പെട്ട ഒരു ജില്ലാ സമിതി രൂപീകരിക്കും.

16.11 ക്ലിയറൻസിനായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും ഒരു പൊതു വെബ് പോർട്ടൽ തുടങ്ങി ബന്ധപ്പെട്ട മറ്റു വകുപ്പുകളുമായി ബന്ധപ്പെടുത്താം.

16.12 സർക്കാർ ട്രഷറി ദേശസാൽകൃത ബാങ്ക് എന്നിവിടങ്ങളിലെ പ്രവർത്തനം പോലെ വെബ് പോർട്ടൽ വഴി 'ഓൺ ലൈൻ പേമെന്റ് സിസ്റ്റം' ആരംഭിക്കുന്നതിന് നടപടിയെടുക്കും.

16.13 വ്യവസായിക ആവശ്യത്തിന് സംസ്ഥാനത്തിന് ലഭ്യമായ സ്ഥലവിവരങ്ങൾ വെബ് പോർട്ടലിൽ ലഭ്യമാക്കുന്ന നടപടി ആരംഭിക്കും.

## 17.0 ലോജിസ്റ്റിക് സെക്ടർ

ലോജിസ്റ്റിക് ചെലവുകൾ കുറയ്ക്കുന്നതിലൂടെ കൂടുതൽ വ്യവസായങ്ങൾക്കുള്ള സാദ്ധ്യത വർദ്ധിപ്പിക്കാനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും നമ്മുടെ സംസ്ഥാനത്തിന്റെ ഉൽപ്പന്നവില കുറയ്ക്കുവാനും സാധിക്കുന്നതാണ്.

17.1 ലോജിസ്റ്റിക്ക് വ്യവസായം ഇപ്പോൾ ഒരു രൂപാന്തര ഘട്ടത്തിലാണ്. ഉപഭോക്തൃ ആവശ്യകതയിൽ ഉണ്ടായിട്ടുള്ള ഉണർവ്, ഇ-കൊമേഴ്സ് വിഭാഗത്തിൽ ഉണ്ടായിട്ടുള്ള വളർച്ച എന്നിവ ഗാർഹിക ലോജിസ്റ്റിക്ക് വ്യവസായത്തിന്റെ പ്രാധാന്യത്തിലേക്കാണ് വെളിച്ചം വീശുന്നത്.

17.2 ദേശീയ -അന്തർദേശീയ തലത്തിൽ ലോജിസ്റ്റിക്കിനും ചരക്ക് വിതരണത്തിനും ഗതാഗതത്തിനും സഞ്ചാരമാർഗ്ഗം സൃഷ്ടിക്കുന്നതിനായി കേരളത്തിന്റെ വാണിജ്യ തലസ്ഥാനമായ കൊച്ചിയിൽ 100 ഏക്കർ സ്ഥലത്ത് ഒരു ലോജിസ്റ്റിക്ക് ഹബ്ബ് വികസിപ്പിക്കുന്നതിനായി കേരള വ്യവസായ വകുപ്പ് മുൻകയ്യെടുക്കും.

17.3 ഈ ലോജിസ്റ്റിക് ഹബ്ബ് കേരളത്തിൽ ഉയർന്ന നിലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ലോജിസ്റ്റിക് ചെലവ് വളരെയധികം കുറയ്ക്കുകയും ചെയ്യുന്നതോടൊപ്പം സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചയ്ക്ക് പുത്തനുണർവ് സമ്മാനിക്കും, പ്രത്യേകിച്ച് സൂക്ഷ്മമ - ചെറുകിട - ഇടത്തരം സംരംഭക മേഖലയിൽ.

## 18.0 കയർ

18.1 ഒരു കാലത്ത് കേരളത്തിന്റെ കുത്തകയായിരുന്ന കയർ വ്യവസായം ഇന്ന് മറ്റു സംസ്ഥാനങ്ങളിലേക്ക് ഗണ്യമായ തോതിൽ മാറിപ്പോയിട്ടുണ്ട്. രണ്ടു കാരണങ്ങളാണ് പ്രധാനമായും ഉള്ളത്. ചകിരി ഉൽപ്പാദനത്തിലും കയർ ഉൽപ്പാദനത്തിലും വലിയ തോതിൽ യന്ത്രവൽക്കരണം ഏർപ്പെടുത്തിയതോടുകൂടി ഉൽപ്പാദനക്ഷമത ഗണ്യമായി വർദ്ധിക്കുകയും വില താഴുകയും ചെയ്തു. ചകിരിയുടെ ഉപോൽപ്പന്നമായ ചകിരിച്ചോറ് ഒരു മാലിന്യം എന്നതിൽ നിന്നും മാറി ഒരു വാണിജ്യ ഉൽപ്പന്നമായി തീരുന്നു. എന്നാൽ കേരളത്തിലെ അഴുക്കു തൊണ്ടിൽ നിന്നുള്ള ചകിരിച്ചോറ് ഉപ്പുരസം കലർന്നതായതിനാൽ കൃഷിക്ക് ഒരു മാധ്യമമായി ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിവന്നു. മാത്രമല്ല, നമ്മുടെ ചകിരിച്ചോറിന് ഈർപ്പം വളരെ കൂടുതലാണുതാനും. ഇതെല്ലാം അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ മത്സരക്ഷമതയെ ദോഷകരമായി ബാധിച്ച ഘടകങ്ങളാണ്. അതേസമയം ഒരു ലക്ഷത്തിലധികം പേർ ഇന്നും പണിയെടുക്കുന്ന ഏറ്റവും വലിയ പരമ്പരാഗത മേഖലയാണ് കയർ. സ്ഥിരമായി പണിയും മാന്യമായ കൂലിയും ഉറപ്പുവരുത്തിയാൽ അധികം ആളുകൾ ഈ മേഖലയിൽ പണിയെടുക്കുമെന്നത് ഉറപ്പാണ്. നാം അനുഭവിക്കുന്ന മേൽദൗർബല്യങ്ങൾ പരിഹരിച്ച് വ്യവസായത്തെ കൂടുതൽ ശക്തിപ്പെടുത്തുക എന്നതാണ് ദീർഘകാല ലക്ഷ്യം.

18.2 ഇതിനായി ഒരു ദ്വിമുഖ തന്ത്രം ആവിഷ്കരിച്ച് നടപ്പാക്കുകയാണ്. സമ്പൂർണ്ണ ആധുനീകരണമാണ് ഇതിലൊന്ന്. തന്ത്രവൽക്കരണത്തിലേക്കും മറ്റും സജീവമായി നീങ്ങുമ്പോൾ ഉയർന്നു വരുന്ന ഒരു പ്രശ്നമുണ്ട്. പരമ്പരാഗതമായി പണിയെടുക്കുന്നവരുടെ തൊഴിൽ ലഭ്യതയാണത്. പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ഉൽപ്പന്നങ്ങൾ കയർ ഫെഡും കയർ കോർപ്പറേഷനും മിനിമം കൂലി ഉറപ്പുവരുത്തി ഇവ സംഭരിക്കുക എന്നതാണ് ഇതിന് പരിഹാരമായി സ്വീകരി ച്ചിരിക്കുന്ന മാർഗ്ഗം. കയർ സംഭരണം 2015–16 ൽ 65,000 ടൺ ആയിരുന്നുവെങ്കിൽ 2016–17 ൽ ഒരു ലക്ഷം ടൺ കടന്നു. വരുംവർഷം രണ്ടുലക്ഷം ടൺ കയർ സംഭരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കയർ ഉൽപ്പന്നങ്ങളാവട്ടെ കയർ കോർപ്പറേഷനാണ് സംഭരിക്കുന്നത്. 70–80 കോടി രൂപയുടെ സംഭരണം നടന്നിരുന്ന സ്ഥാനത്ത് 200 കോടി രൂപയുടെ സംഭരണമാണ് ലക്ഷ്യം.

18.3 കയർ ഉൽപ്പന്നങ്ങൾക്ക് പുതിയ ഉപയോഗ സാധ്യതകൾ കണ്ടെ

ത്തുന്നതിനുള്ള ശ്രമങ്ങളും ആഭ്യന്തര മാർക്കറ്റ് വർദ്ധിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. മണ്ണ്, ജലസംരക്ഷണത്തിലൂന്നി കയർ ഭൂവസ്ത്രങ്ങളുടെ ഉപയോഗം ഗണ്യമായി ഉയർത്താനാണ് ശ്രമിക്കുന്നത്. മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതിയിൽപ്പെടുത്തി കയർ ഭൂവസ്ത്രത്തിന് ഗണ്യമായ തോതിൽ ആഭ്യന്തര മാർക്കറ്റ് സൃഷ്ടിക്കുന്നതാണ്. ഇത് വിജയ പ്രദമായാൽ കയർഫെഡ് സംഭരിക്കുന്ന മുഴുവൻ കയറും വലപ്പായകളാക്കി മാറ്റി മണ്ണ്, ജലസംരക്ഷണ പ്രവർത്തനത്തിന് ഉപയോഗിക്കാനാവും. തൊഴിലുറപ്പിൽപ്പെടുത്തി ഹരിത കേരളത്തിന്റെ ലക്ഷ്യങ്ങൾ നിറവേറാനുമാകും. കയർ വികസന വകുപ്പിന്റെ ഓഫീസുകളുടെ ധർമ്മം ഇതിനനുസൃതമായി പുനർനിർവ്വചിച്ചു കൊണ്ടിരിക്കുകയാണ്.

18.4 ചകിരി ക്ഷാമം പരിഹരിക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ 100 ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യ മിടുന്നു. ഇതിന് ആവശ്യമായ യന്ത്രങ്ങൾ കയർ യന്ത്ര നിർമ്മാണ ഫാക്ടറിയായിരിക്കും നിർമ്മിക്കുക. കയർ മെത്തയുടെയും കയർ കോമ്പോസിറ്റ് ബോർഡിന്റെയും പുതിയ ഫാക്ടറികളും 2017-18 ൽ പ്രവർത്തനം ആരംഭിക്കും. കയർ ത്തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിൽ നൽകുന്നതിനുള്ള ശ്രമങ്ങളാണ് നടത്തുന്നത്.

## 19.0 കശുവണ്ടി

19.1 മൂന്ന് ലക്ഷത്തിലധികം സ്ത്രീകൾ തൊഴിൽ ചെയ്യുന്ന കേരളത്തിലെ എണ്ണൂറിലധികം വരുന്ന കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനത്തിന് ഒരു വർഷം ഏകദേശം 8 ലക്ഷം മെട്രിക് ടൺ തോട്ടണ്ടി ആവശ്യമുണ്ട്. എന്നാൽ കേരളത്തിൽ ആകെ ഉത്പ്പാദിപ്പിക്കുന്നത് 80,000 മെട്രിക് ടൺ മാത്രമാണ്. തോട്ടണ്ടിയുടെ ദൗർലഭ്യമാണ് ഈ വ്യവസായം ഇന്ന് നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രതിസന്ധികളിൽ ഒന്ന്. ഇതിന് പരിഹാര മായി കേരളത്തിൽ തോട്ടണ്ടിയുടെ ഉത്പ്പാദനം പരമാവധി വർദ്ധിപ്പിക്കാനായി കശുമാവ് കൃഷി വിപുലമാക്കാനും തോട്ടണ്ടി ഇറക്കുമതി ചെയ്യുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ പരാഹരിക്കുന്നതിന് ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ഇറക്കുമതി ചെയ്യാനും സർക്കാർ ഉദ്ദശിക്കുകയാണ്. ഇതിനായി താഴെ പ്പറയുന്ന നടപടികൾ ഊർജ്ജിതപ്പെടുത്താനും കാര്യക്ഷമമാക്കാനും ലക്ഷ്യമിടുന്നു.

19.2 കേരളത്തിൽ ലഭ്യമായ സ്ഥലങ്ങളിൽ കശുമാവ് കൃഷി പ്ലാന്റേഷൻ അടിസ്ഥാനത്തിൽ വ്യാപിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. അനുയോജ്യമായ സ്ഥലങ്ങളിൽ Ultra high density ഇനത്തിൽപ്പെട്ട ഏറ്റവും ആധുനികവും അത്യുല്പ്പാദനശേഷിയുള്ളതുമായ കശുമാവിനങ്ങൾ കൃഷിചെയ്യാനാണ് ആലോചിക്കുന്നത്.

19.3 വ്യവസായത്തിനുവേണ്ട തോട്ടണ്ടി ഇപ്പോൾ ഇറക്കു മതിയിലൂടെയാണ് സംഘടിപ്പിക്കുന്നത്. കശുവണ്ടി വ്യാപാരികൾ ഇടനിലക്കാരായി തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനാൽ വ്യവസായത്തിനു ദോഷം ചെയ്യുന്ന തരത്തിൽ കിടമത്സരം വർദ്ധിക്കുകയാണ്. ഇതിന് പരിഹാരം കണ്ടെത്താനും മൂന്ന് ലക്ഷത്തിലധികം സ്ത്രീകൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനായി വിദേശ രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്നതിന് കേരള കാഷ്യു ബോർഡ് എന്ന പേരിൽ ഒരു

സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളായ കാഷ്യു കോർപ്പറേഷനും, കാപ്പക്സിനും ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കുന്നത് കൂടാതെ സ്വകാര്യ കശുവണ്ടി വ്യവസായി കൾക്കും ഗുണമേന്മ ഉറപ്പാക്കി ന്യായമായ വിലയിൽ തുടർച്ചയായി തോട്ടണ്ടി ലഭ്യമാക്കലും ഉത്പാദിപ്പിക്കുന്ന കശുവണ്ടി പരിപ്പ് വിപണനം ചെയ്യലുമാണ് കാഷ്യു ബോർഡ് രൂപീകരണത്തിന്റെ പ്രധാന ഉദ്ദേശലക്ഷ്യം.

19.4 ഈ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാത്ത തരത്തിൽ കശുവണ്ടി ഫാക്ടറികൾ ഭാഗീകമായി ആധുനികവത്കരിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു.

## 20.0 ഉപസംഹാരം

20.1 വർദ്ധനവും നീതിയുക്തമായ വിതരണവും എന്നതാണ് വ്യവസായ നയത്തിന്റെ കാതലായ ലക്ഷ്യങ്ങൾ.

20.2 മത നിരപേക്ഷ കേരളം, അഴിമതിരഹിത കേരളം, വികസിത കേരളം എന്നിവയാണ് ഈ സർക്കാരിന്റെ കാഴ്ച്ചപ്പാട്. ഈ കാഴ്ച്ചപ്പാട് സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി അഭ്യസ്തവിദ്യരായ യുവതലമുറയുടെ പ്രതീക്ഷകൾക്ക് അനുസരിച്ചുള്ള തൊഴിലവസരങ്ങൾക്ക് ഉറപ്പ് നൽകേണ്ടതുണ്ട്. അതിനായി പുതിയ വ്യവസായങ്ങളും ആധുനിക കൃഷിയും അതിവേഗത്തിൽ വളരണം. അതോടൊപ്പം പരമ്പരാഗത മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് സമ്പൂർണ്ണ - സാമൂഹ്യ - സുരക്ഷിതത്വം ഉറപ്പുവരുത്തണം. ഉത്പാദനമേഖലകളുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിലേക്കും വിദ്യാസമ്പന്നരായ യുവ തലമുറയ്ക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കും ഐ.ടി. പോലുള്ള വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ, ടൂറിസം പോലുള്ള സേവന പ്രധാനമായ വ്യവസായങ്ങൾ, ലൈറ്റ് എഞ്ചിനീയറിംഗ് പോലെ വൈദഗ്ദ്ധ്യം ആവശ്യമായ വ്യവസായാങ്ങൾ, കേരളത്തിൽ ലഭ്യമായ വിഭവങ്ങളുടെ മൂല്യവർദ്ധിത വ്യവസായങ്ങൾ എന്നീ വ്യവസായ മേഖലകളിൽ ഊന്നൽ നൽകേണ്ടതുണ്ട്.

20.3 കേരളത്തിന്റെ വളർച്ചാനിരക്ക് - ഏറ്റവും അടുത്തകാലത്തുള്ള കണക്കുകൾ പ്രകാരം 2015-16 ൽ 8 ശതമാനമാണ്. വളർച്ചാനിരക്ക് കുറഞ്ഞ സംസ്ഥാന സമ്പദ്ഘടന അനഭിലഷണീയവും സുസ്ഥിരതയില്ലാത്തതുമാണ്. ആയതിനാൽ ഈ കാലഘട്ടത്തിലെ പ്രധാന ആവശ്യകത തൊഴിലവസരങ്ങളും ഉത്പാദനവും വർദ്ധിപ്പിക്കുക (ഉത്പാദന സാഹചര്യങ്ങളിൽ മാറ്റം വരുത്തുക) എന്നതാണ്. രണ്ട് വർഷത്തിനുള്ളിൽ 10 ശതമാനം വളർച്ചാ നിരക്ക് കൈവരിക്കണമെങ്കിൽ വിവിധ മേഖലകളിൽ പ്രത്യേകിച്ച് വ്യവസായ മേഖലയിൽ ഗണ്യമായ മാറ്റം സൃഷ്ടിക്കപ്പെടേണ്ടതുണ്ട്.

20.4 പരിസ്ഥിതി സൗഹൃദ സാമ്പത്തിക വളർച്ചയും ഉയർന്ന നിലവിലുള്ള വൈദഗ്ധ്യവികസനവും അന്തസ്സുള്ള ജോലിയും ഉറപ്പുവരുത്തുക എന്നതാണ് മുഖ്യലക്ഷ്യം. കൃഷിയിലും വ്യവസായത്തിലുമുള്ള ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെ പ്രയോഗത്തെയും അടിസ്ഥാനപ്പെടുത്തി കേരള സമ്പദ്ഘടനയിലെ ഉത്പാദക ശക്തികളുടെ

വളർച്ചയിലൂടെ മാത്രമേ ഈ ലക്ഷ്യം കൈവരിക്കാനാകൂ.

20.5 സംസ്ഥാനത്തെ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് സർക്കാർ നേരിടുന്ന ഒരു പ്രധാന വെല്ലുവിളി. രണ്ടു ലക്ഷത്തിൽപരം പേർ സാങ്കേതിക പഠനം പൂർത്തിയാക്കി വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ഓരോ വർഷവും പുറത്തുവരുന്നു. ഇവർക്ക് ജോലി കൊടുക്കുക എന്നതിനെക്കാൾ പ്രാധാന്യം ജോലി നൽകുന്നവരെ സൃഷ്ടിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം ഈ നയരേഖ മേൽ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഒരു ബ്ല്യൂപ്രിന്റാകുമെന്നു വിശ്വസിക്കുന്നു.